بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 7

ലക്കം 41

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഒക്ടോബർ 13 • ഹി. ശം. 1401 അഖാഅ് 13 • ഹിജ്റ 1444 റബിഉൽ അവ്വൽ 16


## അല്ലാഹുവിന്റെ വചനം

رَبَّنَا لَا تُزِغۡ قُلُوۡبَنَا بَعۡدَ اِذۡ ہَدَیۡتَنَا وَہَبۡ لَنَا مِنۡ لَّدُنۡکَ رَحۡمَۃً ۚ اِنَّکَ اَنۡتَ الۡوَہَّابُ ﴿۹﴾ (سُوۡرَۃُ اٰلِ عِمۡرٰنَ:9)

'ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ! നീ ഞങ്ങൾക്ക് നിന്റെയടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ)ദാതാവ്.' (3:9)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഭർത്താവ് അറിയാതെ എന്തെങ്കിലും എടുക്കൽ

(2211) ഹദ്റത്ത് ആഇശാ(റ) നിവേദനം. മുആവിയായുടെ മാതാവ് ഹിന്ദ് നബി(സ)തിരുമേനിയോടു ചേദിച്ചു: നിശ്ചയം. അബൂസുഫ് യാൻ വലിയ പിശുക്കനാണ്. അദ്ദേഹം കാണാതെ അദ്ദേഹത്തിന്റെ ധനത്തിൽനിന്ന് വല്ലതുമെടുത്ത് ഞാനുപയോഗിച്ചാൽ എന്റെ പേരിൽ വല്ല കുറ്റവുമുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു: നിനക്കും നിന്റെ കുട്ടികൾക്കും മര്യാദയ്ക്കു ജീവിക്കാൻ കഴിയുന്നത് നീയെടുത്തുകൊള്ളുക.

ശവം തിന്നുന്നത് നിഷിദ്ധമാണ്

(2221) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) നിവേദനം. ഒരു ആടിന്റെ ശവത്തിന്നരികിലൂടെ നബി(സ)തിരുമേനി നടന്നുപോയി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു:അതിന്റെ തോല് നിങ്ങൾക്ക് ഉപയോഗിച്ചുകൂടേ? അവർ പറഞ്ഞു: തീർച്ചയായും അത് ശവമാണ്. നബി(സ)തിരുമേനി പറഞ്ഞു: അത് ഭക്ഷിക്കുന്നതാണ് നിഷിദ്ധം.

### മസീഹ് മൗഊദിന്റ പ്രവൃത്തി

(2222) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! മർയമിന്റെ പുത്രൻ ന്യായവും നീതിയും നടപ്പിൽ വരുത്തിക്കൊണ്ട് അടുത്തു തന്നെ നിങ്ങളിൽ വന്നിറങ്ങും. എന്നിട്ട് കുരിശ് തകർത്തുകളുയകയും പന്നിയെ കൊല്ലുകയും ജിസ്യ എടുത്തു കളയുകയും ചെയ്യും. അന്ന് ധനം ഒഴുകാൻ തുടങ്ങും. പക്ഷേ, അതു സ്വീകരിക്കാൻ ആരുമുണ്ടായിരിക്കുകയില്ല.*(ബുഖാരി വാല്യം 4, കിതാബുൽ ബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

**നബി(സ)തിരുമേനിയുടെമേൽ ക്രിസ്ത്യാനികളുന്നയിച്ച ആ ആക്ഷേപങ്ങൾ ഞാൻ ശേഖരിച്ചു. അവയുടെ എണ്ണം മൂവായിരംവരെ എത്തി. എത്രത്തോളം ഗ്രന്ഥങ്ങളും ലഘുലേഖകളും വിജ്ഞാപനങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നുവെന്നാൽ അവയുടെ എണ്ണം 6 കോടിവരെ എത്തിക്കഴിഞ്ഞിരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

അദ്ദജ്ജാൽ: ഉള്ളിൽ അപൂർണമായ വസ്തു ഉള്ളതിനാണ് ദജൽ എന്നു പറയുന്നത്. ഉദാഹരണത്തിന് ഉള്ളിൽ ചെമ്പും അതിനു മീതെ സ്വർണം പൂശുകുകയും ചെയ്തിട്ടുള്ളത്. ഈ കളവ് ലോകമുണ്ടായ കാലംമുതലെ നടന്നു വരുന്നതാണ്. ചതിയും വഞ്ചനയും ഇല്ലാത്തതായ ഒരു കാലവും ഇല്ലാതിരുന്നിട്ടില്ല. ഇത് തട്ടാന്മാർ ചെയ്യാറുള്ളതാണ്. എപ്രകാരം ഭൗതിമായ ജോലികളിൽ കളവുള്ളതുപോലെ ആത്മീയമായ ജോലികളിലും കളവുണ്ട്. ***യുഹർരിഫൂനൽകലിമ അൻ മ്മവാളിയിഹീ*** (4:47)- അവർ (ദൈവിക) വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽനിന്ന് തെറ്റിച്ചു കളയുന്നു- എന്നതും കളവുതന്നെയാണ്. ***യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക***(3:56) - ഓ! ഈസാ ഞാൻ നിന്നെ മരിപ്പിക്കുകയും- യെ മുമ്പിലും പിമ്പിലുമായി വെക്കുന്നു. ഇതും കളവാണ്. എന്നാൽ, അവസാന കാലത്തെ കളവ് വൻകളവായിരിക്കും. അതായത് ദജ്ജാലിയ്യത്തിന്റെ ഒരു നദി പുറപ്പെട്ടുവരും. അദ്ദജ്ജാൽ എന്നതിലുള്ള 'അൽ' ഇസ്തിഗ്റാഖിന്റേതാണ്. അദ്ദജ്ജാൽ എന്നാൽ, വിവിധരീതിയിലുള്ള കളവുകളുടെ പ്രതിച്ഛായയാണ്. അതായത് മുമ്പേ എത്രത്തോളം വിവിധങ്ങളും വിഭിന്നങ്ങളുമായ കുതന്ത്രങ്ങൾ, വഞ്ചനകൾ, വഴികേടുകൾ അവിശ്വാസം എന്നിവ ഉണ്ടായിരുന്നുവോ അവയ്ക്ക് ഒരു പരിധിയുണ്ടായിരുന്നു. പക്ഷേ, ചെറിയ ചെറിയ തോടുകളും അരുവികളും കൂടിച്ചേർന്ന് വൻനദിയായി തീരുന്നതുപോലെ ആക്ഷേപങ്ങളുടെ നദിതന്നെ ഒഴുകിവരുന്ന ഒരു കാലം വരുമെന്ന് അല്ലാഹുവിന് അറിയാമായിരുന്നു. ഇപ്രകാരം എല്ലാ കളവുകളും കൂടിച്ചേർന്ന് ഒരു വൻകളവ് ഉണ്ടാകുന്നതായിരിക്കും.

അങ്ങനെ ഇക്കാലഘട്ടത്തിൽ എത്രവലിയ കളവാണ് നടമാടിക്കൊണ്ടിരിക്കുന്നതെന്ന് നോക്കുക. എല്ലാ ഭാഗത്തുനിന്നും ഇസ്ലാമിനുമേൽ വിമർശനങ്ങളും ആക്ഷേപങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളാണെങ്കിൽ അതിരുകടന്നുപോയി. നബി(സ)തിരുമേനിയുടെമേൽ ക്രിസ്ത്യാനികളുന്നയിച്ച ആ ആക്ഷേപങ്ങൾ ഞാൻ ശേഖരിച്ചു. അവയുടെ എണ്ണം മൂവായിരംവരെ എത്തി. എത്രത്തോളം ഗ്രന്ഥങ്ങളും ലഘുലേഖകളും വിജ്ഞാപനങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നവെന്നാൽ അവയുടെ എണ്ണം 6 കോടിവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. അതായത് ഇന്ത്യയിലെ മുസ്ലിമീങ്ങളിൽ എല്ലാ ഓരോ ആളുടേയും കൈയിൽ ഇവർക്ക് ഗ്രന്ഥം നല്കാൻ കഴിയും. ഏറ്റവും വലിയ ഫിത്നയും ക്രിസ്ത്യാനികളുടെ ഫിത്നയാണ്. അദ്ദജ്ജാൽ എന്നതിന്റെ പ്രതിച്ഛായയാണ്.

(മൽഫൂദാത്ത് വാല്യം 1, പേജ് 402, പ്രസാധനം ഖാദിയാൻ 2018)

**പരിശുദ്ധമായ വസ്തുവിന് ആരോഗ്യത്തിന്റെ അടിസ്ഥാനത്തിൽ നല്ലതായിരിക്കണമെന്ന നിബന്ധനയുള്ളതുപോലെ അതു തിന്നുന്നതിന് ഇങ്ങനേയും നിബന്ധനയുണ്ട്, അതായത് ആ വസ്തുതിന്നുന്നതുകൊണ്ട് മനുഷ്യന്റെ മറ്റു ഇന്ദ്രിയങ്ങളുടേയും അല്ലെങ്കിൽ മറ്റു മനുഷ്യരുടേയും അല്ലെങ്കിൽ മറ്റുസൃഷ്ടികളുടേയും അവകാശം ധ്വംസിക്കാൻപെടാൻ പാടില്ല. പ്രത്യുത മറ്റുള്ളവരുടെ വികാരങ്ങളെ മുന്നിൽവെക്കേണ്ടതും അനിവാര്യമാണ്.**

സൂറത്തുന്നഹ്ലിന്റെ 116-ാം വചനമായ, ***ഇന്നമാ ഹർറമ അലയ്ക്കുമൽ മയ്ത്തത്ത വദ്ദമ വലഹ്മൽ ഖിൻസീരി വമാ ഉഹില്ല ലിഗയ്രില്ലാഹി ബി ഹി ഫമനി ള്ത്ത്വുർറ ഗയ്റ ബാഗിൻ വ്വലാ ആദിൻ ഫ ഇന്നല്ലാഹ ഗഫൂറുർറഹീമുൻ***(ശവം രക്തം പന്നിമാംസം അല്ലാഹു അല്ലാത്തവർക്കുവേണ്ടി അർപണം ചെയ്യപ്പെട്ടത് എന്നിവ മാത്രമാണ് അവൻ നിങ്ങൾക്ക് വിരോധിച്ചിട്ടുള്ളത്. എന്നാൽ, സ്വയം ആഗ്രഹിക്കുന്നവനും അതിരുകവിഞ്ഞവനുമാകാതെ വല്ലവനും നിർബന്ധിതനായൽ; അപ്പോൾ അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

ഭക്ഷണവസ്തുക്കളെ സംബന്ധിച്ച് ഇസ്ലാം പല ദർജകളും പറഞ്ഞിട്ടുണ്ട്. നിഷിദ്ധമായത്,വിരോധിക്കപ്പെട്ടത്,അനുവദനീയമായത്, പരിശുദ്ധമായത്. നിഷിദ്ധമെന്ന് പറയുന്നത് വിശുദ്ധ ഖുർആൻ നിഷിദ്ധമാക്കിയതാണ്. വിരോധിക്കപ്പെട്ടത് എന്ന് പറയുന്നത് വിശുദ്ധ ഖുർആൻ പറഞ്ഞ നിയമമനുസരിച്ച് നബി(സ)തിരുമേനി വിരോധിച്ചതാണ്. പിന്നീട് അറിയപ്പെട്ട വസ്തുക്കളെ സംബന്ധിച്ച് ഗവേഷണം നടത്തി മുസ്ലിമീങ്ങൾ അതിനെ വെറുക്കപ്പെട്ടതായി നിശ്ചയിച്ചു.

ഹലാൽ അഥവാ അനുവദനീയമെന്നത് അത് അതിന്റെ മൂലത്തിന്റേയും സ്വഭാവത്തിന്റേയും അടിസ്ഥാനത്തിൽ പരിശുദ്ധമായതാണ്.

***ത്വയ്യിബ്*** എന്നത് അത് അതിന്റെ നിലവിലുള്ള അവസ്ഥയിലും പിരശുദ്ധമാവണം. അതായത് ഏതു രീതിയിലും കഴിക്കുക എന്നത് അനുവദനീയമായ എല്ലാ വസ്തുക്കളും. ഉദാഹരണത്തിന് കാള ഹലാലാണ്. എന്നാൽ, പാകം ചെയ്യാതെ തിന്നാൻ പറ്റുകയില്ല. അതുകൊണ്ട് ആ സ്ഥിതിയിൽ തിന്നുക എന്നത് പരിശുദ്ധമായിരിക്കുകയില്ല. പക്ഷേ, അത് പാകം ചെയ്ത് കഴിക്കുന്നത് ത്വയ്യിബായിരിക്കും.

ശേഷം പേജ് 12ൽ


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

SCAN ME

The Weekly BADR Qadian (Malayalam)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഹിജ്റ 13 ജമാദുൽ ആഖർ 22 ന് ചൊവ്വാഴ്ച വൈകുന്നേരം 63-ാം വയസ്സിൽ ഹദ്‌ത്ത് അബൂബക്ർ(റ) വഫാത്തായി. അവിടത്തെ ഖിലാഫത്തുകാലം രണ്ടുവർഷവും മൂന്നു മാസവും 10 ദിവസവുമായിരുന്നു....... നബി(സ)തിരുമേനിയുടെ ഖബ്റിനും മിമ്പറിനുമിടയിൽ ഹദറത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. രാത്രിനേരത്ത് അതേ മുറിയിൽ നബി(സ)തിരുമേനിയുടെ ഖബ്റിന്നടുത്ത് അദ്ദേഹത്തേയും ഖബ്റടക്കി. അദ്ദേഹത്തിന്റെ ശിരസ്സ് നബി(സ)തിരുമേനിയുടെ തോളുകൾക്ക് അഭിമുഖമായി വെക്കപ്പെട്ടു.**

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

**ഖുത്ബ ജുമുഅ 2022 സെപ്റ്റംബർ 9/1401 തബൂക് 9,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ജീവിതത്തിലെ ചില സംഭവങ്ങളാണ് ഞാൻ ഇന്ന് വിവരിക്കുന്നത്. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ വഫാത്ത് സമയം സമീപസ്ഥമായപ്പോൾ അദ്ദേഹം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ വിളിച്ചു. എന്നിട്ട് പറഞ്ഞു: 'എനിക്ക് ഉമറിനെ പറ്റി പറഞ്ഞുതരിക.' അപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! അല്ലാഹുവാണ! ഹദ്റത്ത് ഉമർ അങ്ങയുടെ അഭിപ്രായത്തെക്കാളും ഉത്തമനാകുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കാഠിന്യമുണ്ടെന്ന് മാത്രം. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പറഞ്ഞു: ആ കാഠിന്യത്തിനു കാരണം അദ്ദേഹം എന്നിൽ സൗമ്യാവസ്ഥ കാണുന്നതാണ്. അദ്ദേഹത്തിന് നേതൃത്വം ഏൽപിക്കപ്പെട്ടാൽ അദ്ദേഹത്തിലുള്ള നിരവധി കാര്യങ്ങൾ അദ്ദേഹം ഉപേക്ഷിക്കുന്നതാണ്. കാരണം ഞാൻ ആർക്കെങ്കിലും നേരെ കഠിനമായി പ്രവർത്തിച്ചാൽ അദ്ദേഹം അയാളുമായി എന്നെ രജ്ഞിപ്പിലെത്തിക്കാൻ ശ്രമിക്കുന്നതും ഞാൻ ആരോടെങ്കിലും സൗമ്യമായി പെരുമാറിയാൽ അയാളോടു കഠിനമായി പെരുമാറാൻ പറയുന്നതും ഞാൻ കണ്ടിട്ടുണ്ട്. അതിനോടൊപ്പം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനെ ഹദ്റത്ത് അബൂബക്ർ(റ) വിളിച്ചു. അദ്ദേഹത്തോടും ഹദ്റത്ത് ഉമറിനെ സംബന്ധിച്ച് ചോദിച്ചു: ഹദറത്ത് ഉഥ്മാൻ(റ) പറഞ്ഞു:അദ്ദേഹത്തിന്റെ ഉള്ള് അദ്ദേഹത്തിന്റെ ബാഹ്യത്തെക്കാൾ നല്ലതാകുന്നു. ഞങ്ങളിൽ ആരുംതന്നെ അദ്ദേഹത്തെപ്പോലെയല്ല. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അവരിരുവരോടും പറഞ്ഞു: ഞാൻ നിങ്ങളിരുവരോടും പറഞ്ഞതിനെ പറ്റി ആരോടും പറയരുത്. തുടർന്ന് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാൻ ഹദ്റത്ത് ഉമറിനെ ഉപേക്ഷിക്കുകയാണെങ്കിൽ അപ്പോൾപ്പിന്നെ ഉഥ്മാനെ കവച്ചുവെച്ച് ഞാൻ പോകുകയില്ല. നിങ്ങളുടെ കാര്യത്തിൽ ഒരുകുറവും വരുത്താതിരിക്കാൻ അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. ഞാൻ നിങ്ങളുടെ കാര്യത്തിൽനിന്ന് മാറിനിൽക്കാനും നിങ്ങളുടെ പൂർവികരിൽപ്പെടാനുമാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്. ഹദ്റത്ത് അബൂബക്ർ(റ)ന്റെ രോഗാവസ്ഥയുടെ ദിനങ്ങളിൽ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ) അദ്ദേഹത്തിന്റെ അടുക്കൽ വന്ന് പറഞ്ഞു:'അങ്ങ് ഞങ്ങൾക്കുമേൽ ഹദ്റത്ത് ഉമറിനെ ഖലീഫയാക്കിയിരിക്കുകയാണോ? അങ്ങയ്ക്കറിയാം അങ്ങയുടെ സന്നിധിയിൽപോലും അദ്ദേഹം എങ്ങനെയാണ് ജനങ്ങളോടു പെരുമാറുന്നതെന്ന്. അങ്ങനെവരുമ്പോൾ അദ്ദേഹം തനിച്ചാകുമ്പോൾ എന്തായിരിക്കും അവസ്ഥ? അങ്ങ് അങ്ങയുടെ റബ്ബുമായി കൂടിക്കാഴ്ച നടത്തുമ്പോൾ അവൻ അങ്ങയുടെ പ്രജകളെ സംബന്ധിച്ച് ചോദിക്കുന്നതാണ്. അതായത് അവൻ അങ്ങയുടെ പ്രജകളെ സംബന്ധിച്ച് ചോദിക്കുന്നതാണ്. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു:'എന്നെ ഒന്ന് പിടിച്ചിരുത്തുക.'അദ്ദേഹം കിടക്കുകയായിരുന്നു. അങ്ങനെ താങ്ങിപ്പിടിച്ച് അദ്ദേഹത്തെ ഇരുത്തി. അതിനുശേഷം അദ്ദേഹം പറഞ്ഞു: 'നിങ്ങളെന്നെ ഭയപ്പെടുത്തുകയാണോ? ഞാൻ എന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ അവൻ എന്നോടു ചോദിക്കും. അപ്പോൾ ഞാൻ മറുപടിയായി പറയും, 'ഞാൻ നിന്റെ ദീനിന്റെ ദാസന്മാരിൽ ഉത്തമനെയാണ് നിന്റെ ദാസന്മാർക്കുമേൽ ഖലീഫയായി നിശ്ചയിച്ചത്.'*(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാള്യം 2, പേജ് 272-273, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)*

ചരിത്ര പുസ്തകങ്ങളുടേയും ഉദ്ധരണികളുടേയും വെളിച്ചത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു സംബന്ധിച്ച് പറയുന്നു:'ഹദ്റത്ത് അബൂബക്ർ(റ)ന്റെ വഫാത്ത് നേരം അടുത്തപ്പോൾ അദ്ദേഹം ആരെയാണ് ഖലീഫയാക്കേണ്ടതെന്ന കാര്യത്തിൽ സ്വഹാബാക്കളോടു കൂടിയാലോചന നടത്തി. അധികംപേരും ഹദ്റത്ത് ഉമറിന് നേതൃത്വം നൽകുന്നതിനെപറ്റിയാണ് അഭിപ്രായം പ്രകടിപ്പിച്ചത്. ചിലർ ഹദ്റത്ത് ഉമറിന്റെ പ്രകൃതത്തിൽ കാഠിന്യം കൂടുതലാണെന്നും ജനങ്ങളോടു കാഠിന്യത്തോടെ പെരുമാറുമോ എന്നും ആശങ്കപ്പെട്ടു.'ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'ഈ കാഠിന്യം അദ്ദേഹത്തിന് ഉത്തരവാദിത്വം കിട്ടുന്നതുവരെമാത്രമെ ഉണ്ടാകുകയുള്ളു. ഇനി അദ്ദേഹത്തിന് ഉത്തരവാദിത്വം വന്നുചേർന്നാൽ അദ്ദേഹത്തിന്റെ കാഠിന്യവും സന്തുലിതാവസ്ഥയിലെത്തുന്നതാണ്. അങ്ങനെ എല്ലാ സ്വഹാബത്തും ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തിൽ സംതൃപ്തരായി. അദ്ദേഹത്തിന്റെ ആരോഗ്യം വല്ലാതെ ക്ഷയിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ)തന്റെ ഭാര്യ അസ്മായുടെ സഹായത്തോടെ, അദ്ദേഹത്തിന്റെ കാലുകൾ തറയിലുറയ്ക്കുന്നുണ്ടായിരുന്നില്ല, കൈകളിൽ വിറയൽ അനുഭവപ്പെട്ടിരുന്നു, മസ്ജിദിലെത്തി. എല്ലാ മുസ്‌ലിമീങ്ങളേയും സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഞാൻ മരണപ്പെട്ടാൽ ആരാണ് നിങ്ങളുടെ ഖലീഫയാകുക എന്നതിനെപ്പറ്റി തുടർച്ചയായി ദിവസങ്ങളോളം ഞാൻ ചിന്തിച്ചു. വളരെയേറെ ആലോചനകൾക്കും ദുആകൾക്കും ശേഷം ഹദറത്ത് ഉമറിനെ ഖലീഫയായി നിശ്ചയിക്കുന്നതാണ് ഉചിതമെന്ന് ഞാൻ കരുതി. അതുകൊണ്ട് എനിക്കുശേഷം ഉമർ നിങ്ങളുടെ ഖലീഫയായിരിക്കും.'എല്ലാ സ്വഹാബാക്കളും മറ്റുള്ളവരും അദ്ദേഹത്തിന്റെ നേതൃത്വത്തെ അംഗീകരിച്ചു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ വഫാത്തിനുശേഷം ഹദ്റത്ത് ഉമറിന് ബയ്അത്ത് ചെയ്യുകയും ചെയ്തു. *(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം, വാള്യം 15, പേജ് 483-484)*

അദ്ദേഹം എന്തുകൊണ്ട് നാമനിർദേശം ചെയ്തു എന്ന ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ജനങ്ങളുടെ തിരഞ്ഞെടുപ്പിലൂടെ മാത്രമാണ് ഖലീഫയെ നിശ്ചയിക്കുന്നതെങ്കിൽ ഹദ്റത്ത് അബൂബക്ർ(റ) എന്തുകൊണ്ടാണ് ഹദ്റത്ത് ഉമറിനെ നാമനിർദേശം ചെയ്തത്? അതിനുള്ള മറുപടി ഉതാകുന്നു: അദ്ദേഹം വെറുതെ നാമനിർദേശം ചെയ്തതല്ല. പ്രത്യുത നേരത്തെ അദ്ദേഹം സ്വഹാബാക്കളോടു കൂടി

യാലോചന നടത്തിയെന്നത് വ്യക്തമാണ്. ഒരു വ്യത്യാസമെന്തെന്നാൽ ഖലീഫമാരെ ഖലീഫയുടെ മരണശേഷമാണ് തിരഞ്ഞെടുക്കുന്നത്. എന്നാൽ, ഹദ്റത്ത് ഉമറിനെ ഹദ്റത്ത് അബൂബക്ർ(റ)ന്റെ സാന്നിധ്യത്തിൽത്തന്നെ തിരഞ്ഞെടുക്കുകയാണുണ്ടായത്. അതുകൊണ്ടും തീർന്നില്ല, ഹദ്റത്ത് അബൂബക്ർ(റ)ഏതാനും സ്വഹാബാക്കളോടു അഭിപ്രായമാരായുന്നതിൽമാത്രം നിറുത്തിയില്ല. പ്രത്യുത അദ്ദേഹം അതിനു ശേഷം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തിനെ കുറിച്ച് വിളംബരപ്പെടുത്തുകയും ചെയ്തു. ആരോഗ്യസ്ഥിതി അങ്ങേയറ്റം മോശമായിരുന്നിട്ടും അദ്ദേഹം തന്റെ ഭാര്യയുടെ സഹായത്തോടെ മസ്ജിദിലെത്തി ജനങ്ങളോടു പറഞ്ഞു:'ജനങ്ങളേ!ഞാൻ സ്വഹാബാക്കളുമായി കൂടിയാലോചിച്ചശേഷം എന്റെ ഖിലാഫത്തിനെ തുടർന്ന് ഉമറിനെയാണ് (ഖലീഫയാക്കാൻ) ഇഷ്ടപ്പെടുന്നത്. നിങ്ങൾക്കും അദ്ദേഹത്തിന്റെ ഖിലാഫത്തെ സമ്മതമല്ലേ? അപ്പോൾ എല്ലാവരും തങ്ങളുടെ ഇഷ്ടം പ്രകടിപ്പിച്ചു. ചുരുക്കത്തിൽ ഇതും ഒരു തരത്തിലുള്ള തിരഞ്ഞെടുപ്പ് തന്നെയാണ്.'*(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 555)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ രോഗത്തേയും വസിയ്യത്തിനേയും സംബന്ധിച്ച് താരീഖ് ത്വബരിയിൽ പറയുന്നു:'ഹദ്റത്ത് അബൂബക്ർ(റ)ന്റെ മരണകാരണമെന്തെന്നാൽ ജമാദുൽആഖർ ഏഴാം തിയതി തിങ്കളാഴ്ച അദ്ദേഹം കുളിച്ചു. അന്ന് നല്ല തണുപ്പുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് പനിബാധിച്ചു. അത് 15 ദിവസംവരെ തുടർന്നു. എത്രത്തോളമെന്നാൽ, നമസ്കാരത്തിനു പുറത്തുപോകാൻപോലും സാധിച്ചിരുന്നില്ല. അദ്ദേഹം ഹദ്റത്ത് ഉമർ നമസ്കരിപ്പിക്കണമെന്ന് കല്പന നല്കി. ആളുകൾ അദ്ദേഹത്തെ സന്ദർശിക്കാൻ വന്നുകൊണ്ടിരുന്നു. എന്നാൽ, നിത്യേന അദ്ദേഹത്തിന്റെ ആരോഗ്യനില കൂടുതൽ വഷളായിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന് സമ്മാനിച്ച വീട്ടിലാണ് അദ്ദേഹംഅന്ന് താമസിച്ചിരുന്നത്. അത് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനിന്റെ വീടിന് മുന്നിലായിരുന്നു. രോഗാവസ്ഥയിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനായിരുന്നു അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്നത്. അദ്ദേഹം 15 ദിവസം രോഗാവസ്ഥയിലായിരുന്നു.'*(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 348, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2012)*

വൈദ്യനെ വിളിച്ചാൽ നന്നായിരുന്നു വെന്ന് ആരോ പറഞ്ഞു. അദ്ദേഹം പറഞ്ഞു: അയാൾ എന്നെ കണ്ടിരിക്കുന്നു. ആളുകൾ ചോദിച്ചു, അങ്ങയോടു അയാൾ എന്താണ് പറഞ്ഞത്? അദ്ദേഹം പറഞ്ഞു:ഇന്നീഅഫ് അലു മാ അശാഉ 'ഞാനിച്ഛിക്കുന്നത് ഞാൻ ചെയ്യുന്നു.'*(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 347, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2012)*

മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബൂബക്ർ(റ)രോഗാതുരനായപ്പോൾ ആളുകൾ ചോദിച്ചു: 'ഞങ്ങൾ അങ്ങയെ കാണിക്കാൻ വൈദ്യനെ വിളിക്കട്ടെ?' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'അയാൾ എന്നെ കണ്ടിരിക്കുന്നു. എന്നിട്ടു പറഞ്ഞു: ***ഇന്നീ ഫഅ്ആലുൻ ല്ലിമാ ഉരീദു*** ഞാനാഗ്രഹിക്കുന്നത് തീർച്ചയായും ചെയ്യുന്നതായിരിക്കും.' *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 148, അബൂബക്ർ സിദ്ദീഖ്(റ), ദിക്ർ വസിയ്യത്തു അബീബക്ർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

എന്തായാലും അതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചതെന്തന്നാൽ 'ഇനി തന്റെ അടുത്ത് എന്നെ വിളിക്കണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഒരു വൈദ്യന്റേയും ആവശ്യമില്ല.'

ഹിജ്റ 13 ജമാദുൽ ആഖർ 22 ന് ചൊവ്വാഴ്ച വൈകുന്നേരം 63-ാം വയസ്സിൽ ഹദ്ത്ത് അബൂബക്ർ(റ)വഫാത്തായി. അവിടത്തെ ഖിലാഫത്തുകാലം രണ്ടുവർഷവും മൂന്നു മാസവും 10 ദിവസവുമായിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 151, അബൂബക്ർ സിദ്ദീഖ്(റ), ദിക്ർ വസിയ്യത്തു അബീബക്ർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്ത്ത് അബൂബക്ർ(റ)ന്റെ ചുണ്ടുകളിൽനിന്ന് അവസാനമായി വന്ന വാക്കുകളുണ്ട്. അത് വിശുദ്ധഖുർആനിലെ അനുഗൃഹീതമായ ഈ ആയത്തായിരുന്നു: ***തവഫ്ഫനീ മുസ്ലിമൻ വ അൽഹിഖ്നീ ബിസ്സാലിഹീൻ*** എന്നെ നീ അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ(12:102) *(അബൂബക്ർ അസ്സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ, പേജ് 478, ഇസ് ലാമീ കുതുബ് ഖാന ലാഹോർ)*

ഹദ്ത്ത് അബൂബക്ർ(റ)ന്റെ മോതിരത്തിൽ കൊത്തിയിരുന്നത് നിഅ്മൽ ഖാദിറുല്ലാഹ് എന്നായിരുന്നു. അതായത് എത്രമാത്രം ശക്തിപ്രഭാവമുള്ളവനാണ് അല്ലാഹു. *(ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 158, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

ഹദ്റത്ത് ആഇശാ(റ)പറയുന്നു: ഹദ്ത്ത് അബൂബക്ർ(റ)പറഞ്ഞു:'തന്റെ മരണാനന്തര ക്രിയകൾക്കുശേഷം എന്തെങ്കിലും വീട്ടിൽ ബാക്കിയുണ്ടോ എന്ന് നോക്കണം. ബാക്കിയുള്ളതെല്ലാം ഹദ്റത്ത് ഉമറിന് നല്കിയിരുന്നു. എങ്കിലും എന്തെങ്കിലും ബാക്കിയായിട്ടുണ്ടോ എന്ന് നോക്കുക. എന്തങ്കിലുമുണ്ടെങ്കിൽ ഹദ്റത്ത് ഉമറിന് കൊടുത്തയക്കുക. മരണാനന്തര ക്രിയകളെ കുറിച്ച് പറഞ്ഞു:'ആ സമയത്ത് എന്റെ ശരീരത്തിലുള്ള വസ്ത്രംതന്നെ കഴുകി മറ്റു തുണിയോടൊപ്പം എന്നെ കഫൻ പൊതിയണം. ഹദ്റത്ത് ആഇശാ(റ)പറഞ്ഞു:ഇതു പഴയതാണല്ലോ? കഫൻ പൊതിയാൻ പുതിയതുവേണം. അപ്പോൾ അദ്ദേഹം പറഞ്ഞു: 'മരണപ്പെട്ടവരെ അപേക്ഷിച്ച് ജീവിച്ചിരിക്കുന്നവരാണ് പുതുവസ്ത്രത്തിന് കൂടുതൽ അർഹർ.'*(സയ്റുസ്സ്വഹാബ, വാള്യം 1, പേജ് 50, ദാറുൽഇശാഅത്ത് കറാച്ചി)* പുതുവസ്ത്രം ജീവിച്ചിരിക്കുന്ന ആരെയെങ്കിലും ധരിപ്പിക്കുന്നതാണ് കൂടുതൽ നല്ലത്.'

ഹദ്റത്ത് ആഇശാ(റ) പറയുന്നു: 'ഹദ്ത്ത് അബൂബക്ർ(റ), തന്റെ ഭാര്യ ഹദ്റത്ത് അസ്മാ ബിൻത് ഉമയ്സ് തന്നെ കുളിപ്പിക്കണമെന്ന് വസിയ്യത്ത് ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ മകൻ ഹദ്റത്ത് അബ്ദുർറഹ്മാൻ അവരോടൊപ്പം സഹായിക്കാനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കഫൻ രണ്ടുതുണികൊണ്ടുള്ളതായിരുന്നു. അതിലൊന്ന് കുളിപ്പിക്കാൻ ഉപയോഗിച്ചതായിരുന്നു. 3 തുണിയിലാണ് കഫൻ പൊതിഞ്ഞതെന്നും നിവേദനത്തിലുണ്ട്. പിന്നീട് അദ്ദേഹത്തിന്റെ ഭൗതികശരീരം നബി(സ)തിരുമേനിയുടെ കട്ടിലിൽ വെച്ചു. ഇത് ഹദ്റത്ത് ആഇശാ(റ)ഉറങ്ങിയിരുന്ന കട്ടിലായിരുന്നു. അതേ കട്ടിലിൽത്തന്നെയാണ് അദ്ദേഹത്തിന്റെ ജനാസ കൊണ്ടുപോയത്. നബി(സ)തിരുമേനിയുടെ ഖബ്റിനും മിമ്പറിനുമിടയിൽ ഹദറത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. രാത്രിനേരത്ത് അതേ മുറിയിൽ നബി(സ)തിരുമേനിയുടെ ഖബ്റിന്നടുത്ത് അദ്ദേഹത്തേയും ഖബ്റടക്കി. അദ്ദേഹത്തിന്റെ ശിരസ്സ് നബി(സ)തിരുമേനിയുടെ തോളുകൾക്ക് അഭിമുഖമായി വെക്കപ്പെട്ടു. *(മുസ്തദർക് ഹാക്കിം, ഭാഗം 3, പേജ് 66, ഹദീഥ് നമ്പർ 4409, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

ഖബ്റടക്കുന്നനേരത്ത് ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ), ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ഹദ്റത്ത് ത്വൽഹാ ബിൻ അബ്ദുല്ലാഹ്(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബൂബക്ർ(റ) എന്നിവർ ഖബ്റിൽ ഇറങ്ങുകയും ഖബ്റടക്കം നടത്തുകയും ചെയതു. ഇബ്നു ശിഹാബ് നിവേദനം. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂബക്റിനെ രാത്രി നേരത്താണ് ഖബ്റടക്കിയത്. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 156, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

ഹദ്റത്ത് സാലിം ബിൻ അബ്ദുല്ലാഹ്(റ) തന്റെ പിതാവിൽനിന്നുദ്ധരിക്കുന്നു: ഹദ്റത്ത് അബൂബക്റിന്റെ മരണകാരണം നബി(സ)തിരുമേനിയുടെ വേർപാടിന്റെ ദുഃഖമായിരുന്നു. കാരണം നബി(സ)തിരുമേനി വഫാത്തായതിനുശേഷം അദ്ദേഹത്തിന്റെ ശരീരം നിരന്തരം ക്ഷീണിച്ചുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം വഫാത്തായി. ചില ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ മരണകാരണം ഒരു യഹൂദി ഒരിക്കൽ വിഷം കലർത്തി നല്കിയ ഭക്ഷണമാണെന്ന് പറയുന്നുണ്ട്. എന്നാൽ, പൊതുവെ ചരിത്രകാരന്മാർ ഈ നിവേദനത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്.*(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ, ഉമർ അബുന്നസ്ർ(മുത്തർറജിം), പേജ് 726, മുശ്താഖ് ബുക് കോർണർ ലാഹോർ)*

ഹദ്റത്ത് ആഇശാ(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്ർ(റ) തന്റെ മരണം സമീപസ്ഥമായപ്പോൾ ചോദിച്ചു:ഇന്ന് ഏതാണ് ദിവസം? ആളുകൾ പറഞ്ഞു, തിങ്കളാഴ്ചയാണ്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാനിന്ന് വഫാത്താകുകയാണെങ്കിൽ നാളെവരെ കാത്തിരിക്കരുത്. കാരണം എന്നെ സംബന്ധിച്ചിടത്തോളം നബി(സ)തിരുമേനിയുടെ സാമീപ്യത്തിന് ഏറ്റവും അടുത്തുള്ള പകൽ അല്ലെങ്കിൽ രാത്രിയാണ് എനിക്ക്

ഏറെ പ്രിയങ്കരം! *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 1, പേജ് 88, മുസ്നദ് അബീബക്ർസ്സിദ്ദീഖ്, ഹദീഥ് 45, ആലമുൽകുതുബ് ബെയ്റൂത്ത് 1988)* അതായത് അവിടെത്തന്നെ ഖബ്റടക്കുകയാണെങ്കിൽ കൂടുതൽ ഉത്തമമാണ്.

ഹദ്റത്ത് അബൂബക്ർ(റ) തന്റെ അനന്തരാവകാശത്തെ പറ്റി പറയുന്നു:'എന്റെ മരണശേഷം വിശുദ്ധ ഖുർആനിന്റെ കല്പന പ്രകാരം അത് വീതിക്കേണ്ടതാണ്.' *(സീറത്ത് ഖുലഫാഉർറാശിദീൻ,, മുഹമ്മദ് ഇൽയാസ് ആദിൽ,പേജ് 152, മുശ്താഖ് ബുക് കോർണർ, ലാഹോർ)*

ഇപ്രകാരംതന്നെ ഒരു നിവേദനത്തിൽ അവിടന്ന് തന്റെ അനന്തരാവകാശ സ്വത്തിൽനിന്ന് അനന്തരാവകാശികൾ അല്ലാത്ത ബന്ധുക്കൾക്ക് അഞ്ചിലൊന്ന് വസിയ്യത്ത് ചെയ്തിരുന്നതായും കാണുന്നുണ്ട്. *(അബൂബക്ർ അസ്സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 475, ഇസ്ലാമീ കുതുബ് ഖാന ലാഹോർ)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഭാര്യമാരെയും മക്കളേയും സംബന്ധിച്ചുള്ള വിവരണം.ഹദ്റത്ത് അബൂബക്ർ(റ)ന് നാലു ഭാര്യമാരുണ്ടായിരുന്നു. ഒന്ന് ഖുത്തയ്ല ബിൻത് അബ്ദുൽഉസ്സാ അവർ ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ഇവർ ഹദ്റത്ത് അബ്ദുല്ലായുടേയും ഹദ്റത്ത് അസ്മായുടേയും മാതാവാണ്. ഹദ്റത്ത് അബൂബക്ർ(റ) അവർക്ക് ജാഹ്ലിയ കാലഘട്ടത്തിൽ ത്തന്നെ ത്വലാഖ് കൊടുത്തിരുന്നു. ഒരിക്കൽ ഇവർ തന്റെ മകൾ ഹദ്റത്ത് അസ്മായുടെ അടുക്കൽ കുറച്ചു നെയ്യും പനീറുമായി വന്നിരുന്നു. പക്ഷേ, ഹദ്റത്ത് അസ്മാ ആ ഉപഹാരങ്ങൾ സ്വീകരിക്കാൻ വിസമ്മതിച്ചു. അവരെ വീട്ടിൽ കയറ്റുക പോലും ചെയ്തില്ല. എന്നിട്ട് ഹദ്റത്ത് ആഇശായെ ഇതു സംബന്ധിച്ച് ചോദിച്ചറിയാൻ പറഞ്ഞയച്ചു. അതായത് ഹദ്റത്ത് ആഇശായോടു തന്റെ ഉമ്മ ഉപഹാരവുമായി വന്നിരിക്കുന്നുവെന്നും താൻ അവരെ വീട്ടിൽ കയറ്റിയിട്ടില്ലെന്നും എന്താണ് നബി(സ)തിരുമേനിയുടെ നിർദേശമെന്ന് ചോദിക്കാനും പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു, അവരെ വീട്ടിൽ കയറ്റുക. അവരുടെ ഉപഹാരങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

രണ്ടാമത്തെ ഭാര്യയായിരുന്നു ഉമ്മു റൂമാൻ ബിൻത് ആമിർ. അവരുടെ ബന്ധം ബനൂ കിൻആന ബിൻ ഖുസയ്മയുമായിട്ടായിരുന്നു. അവരുടെ ആദ്യത്തെ ഭർത്താവ് ഹാരിഥ് ബിൻ സഖ്ബറ മക്കയിൽ വഫാത്തായിരുന്നു. അതിനുശേഷം ഹദ്റത്ത് അബൂബക്റിന്റെ ഭാര്യയായി. അവർ ആദ്യകാലത്തുതന്നെ മുസ്ലിമായി. നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തു. മദീനയിൽ ഹിജ്റത്ത് ചെയ്യുകയും ചെയ്തു. അവരിലാണ് ഹദ്റത്ത് അബ്ദുർറഹ്മാനും ഹദ്റത്ത് ആഇശയും ജനിച്ചത്. അവർ ഹിജ്റ ആരംഭവർഷം മദീനയിലാണ് വഫാത്തായത്. നബി(സ)തിരുമേനി അവരുടെ ഖബ്റിൽ ഇറങ്ങി. അവർക്കുവേണ്ടി മഗ്ഫിറത്തിന് ദുആ ചെയ്തു.

മൂന്നാമത്തെ ഭാര്യയായിരുന്നു ഹദ്റത്ത് അസ്മാ ബിൻത് ഉമയ്സ് ബിൻ മഅ്ബദ് ബിൻ ഹാരിഥ്. ഉമ്മു അബ്ദുല്ലാ എന്നായിരുന്നു അവരുടെ വിളിപ്പേര്. അവർ മുസ്ലിമീങ്ങൾ ദാറുഅർഖമിൽ പ്രവേശിക്കുന്നതിനു മുമ്പേതന്നെ നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്ത് ഇസ്ലാം സ്വീകരിച്ചിരുന്നു. ആദ്യകാലത്ത് ഹിജ്റത്ത് ചെയ്തവരിൽ അവരുമുണ്ട്. അവർ തന്റെ ഭർത്താവ് ജഅ്ഫർ ബിൻ അബൂത്വാലിബിനോടൊപ്പം ആദ്യം ഹബ്ശയിലും പിന്നീട് അവിടെനിന്ന് ഹിജ്റ 7-ൽ മദീനയിലുമെത്തി. ഹിജ്റ എട്ടിൽ മുഅത്ത യുദ്ധത്തിൽ ഹദ്റത്ത് ജഅ്ഫർ ശഹീദായതിനെ തുടർന്ന് അവരെ ഹദ്റത്ത് അബൂബക്ർ വിവാഹം കഴിച്ചു. അവരിലാണ് മുഹമ്മദ് ബിൻ അബൂബക്ർ ജനിച്ചത്.

നാലാമത്തെ ഭാര്യ ഹദ്റത്ത് ഹബീബ ബിൻത് ഖാരിജ ബിൻ സയ്ദ് ബിൻ അബൂ സഹീർ ആയിരുന്നു. അവർ അൻസ്വാറിന്റെ ശാഖയായ ഖസ്റജ് ഗോത്രക്കാരിയായിരുന്നു. ഹദ്റത്ത് അബൂബക്ർ മദീനയുടെ ഗ്രാമ പ്രദേശമായ സുൻഹിൽ അവരോടൊപ്പം താമസിച്ചിരുന്നു. അവരിലാണ് ഉമ്മകുൽഥൂം ജനിച്ചത്. ഇവർ ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിന് കുറച്ചുകാലം ശേഷമാണ് ജനിച്ചത്.

മക്കളിൽ നാലു ആണും മൂന്നു പെണ്ണുമായിരുന്നു. ആദ്യത്തെ മകൻ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബൂബക്ർ. ഇദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ മൂത്ത മകനായിരുന്നു. ഇദ്ദേഹം ഹുദയ്ബിയ ദിവസമാണ് ബയ്അത്ത് ചെയ്ത് മുസ്ലിമായത്. പിന്നീട് ഇസ്ലാമിൽ ഉറച്ചുനിന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ സഹവാസം ലഭിച്ചിരുന്നു. അദ്ദേഹം ധീരതയിലും യോദ്ധാവെന്ന നിലയിലും പ്രസിദ്ധനായിരുന്നു. ഇസ്ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന്റേത് ശ്ലാഘനീയമായ നിലപാടുകളായിരുന്നു.

രണ്ടാമത്തെ മകനാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്ർ. നബി(സ)തിരുമേനിയുടെ മദീന ഹിജ്റത്ത് വേളയിൽ ഇദ്ദേഹത്തിന് സുപ്രധാന പങ്കുണ്ടായിരുന്നു. ഇദ്ദേഹം പകൽ മുഴുവൻ മക്കയിൽ കഴിച്ചുകൂട്ടുകയും മക്കക്കാരുടെ നീക്കങ്ങൾ ശേഖരിക്കുകയും പിന്നീട് രാത്രിനേരത്ത് രഹസ്യമായി ഥൗർഗുഹയിലെത്തി നബി(സ)തിരുമേനിക്കും ഹദ്റത്ത് അബൂബക്റിനും വിവരങ്ങൾ എത്തിക്കുകയും ചെയ്യുമായിരുന്നു. തുടർന്ന് നേരം വെളുക്കുമ്പോൾ മക്കയിലെത്തുകയും ചെയ്യും. ത്വാഇഫ് യുദ്ധത്തിൽ അദ്ദേഹത്തിനുമേൽ ഒരു അമ്പ് തറക്കുകയുണ്ടായി. അതിന്റെ മുറിവ് ഉണങ്ങിയിരുന്നില്ല, അവസാനം ഇതേ കാരണത്താൽ ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം ശഹീദായി.

മൂന്നാമത്തെ മകനായിരുന്നു മുഹമ്മദു ബിൻ അബൂബക്ർ. ഇദ്ദേഹം ഹദ്റത്ത് അസ്മാഅ് ബിൻ ഉമയ്സിൽനിന്നാണ് ജനിച്ചത്. ഹജ്ജത്തുൽവിദായുടെ അവസരത്തിൽ ദുൽഹുലയ്ഫയിൽ ആയിരുന്നു ജനനം. ഹദ്റത്ത് അലിയുടെ മടിത്തട്ടിലാണ് വളർന്നത്. ഹദ്റത്ത് അലി തന്റെ കാലത്ത് അദ്ദേഹത്തെ മിസ്റിലെ ഗവർണരാക്കി. അദ്ദേഹം അവിടെതന്നെ കൊല്ലപ്പെട്ടു. ചില നിവേദനങ്ങളിൽ ഹദ്റത്ത് ഉഥ്മാനിന്റെ കൊലപാതകത്തിൽ ഇദ്ദേഹത്തിന്റെപേരും വരുന്നുണ്ട്. അതുകൊണ്ടാണ് അദ്ദേഹം കൊല്ലപ്പെട്ടതെന്ന് പറയുന്നത്. വല്ലാഹു അഅ്ലമു

ഹദ്റത്ത് അബൂബക്റിന്റെ മക്കളിൽ നാലാമത്തേത് ഹദ്റത്ത് അസ്മാ ബിൻത് അബൂബക്റാകുന്നു. ഇവർ 'ദാത്തുന്നിത്വാഖയ്ൻ'എന്ന പേരിൽ പ്രസിദ്ധയാണ്. ഇവർ ഹദ്റത്ത് ആഇശയെക്കാൾ മൂത്തതായിരുന്നു. നബി(സ)തിരുമേനിയാണ് 'ദാത്തുന്നിത്വാഖയ്ൻ'എന്ന പേര് നൽകിയത്. കാരണം ഹിജ്റത്ത് വേളയിൽ അവർ നബി(സ)തിരുമേനിക്കും തന്റെ പിതാവനും വേണ്ടി ഭക്ഷണം തയ്യാറാക്കുകയും അത് മൂടിക്കെട്ടുന്നതിന് ഒന്നും കിട്ടാതെ വന്നപ്പോൾ തന്റെ അരപ്പട്ട മുറിച്ചെടുത്ത് ഭക്ഷണസാധനങ്ങൾ കെട്ടുകയും ചെയ്തു. ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമുമായി അവരുടെ വിവാഹം നടന്നു. ഗർഭിണിയായിരിക്കുമ്പോഴാണ് അവർ മദീനയിൽ ഹിജ്റത്ത് ചെയ്തത്. ഹിജ്റത്തിനുശേഷം അവർക്ക് അബ്ദുർറഹ്മാൻ ബിൻ സുബയ്ർ ജനിച്ചു. അദ്ദേഹം ഹിജ്റത്തിനു ശേഷം ജനിച്ച ആദ്യത്തെ കുട്ടിയായിരുന്നു. ഹദ്റത്ത് അസ്മാ 100 വയസ്സുവരെ ജീവിച്ചിരുന്നു. അവർ ഹിജ്റ വർഷം 73-ൽ മക്കയിൽ വഫാത്തായി.

അഞ്ചാമത്തേത് ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആഇശാ(റ) ബിൻത് അബൂബക്റാണ്. ആ മഹതി നബി(സ)തിരുമേനിയുടെ ധർമപത്നിയായിരുന്നു. സ്ത്രീകളിൽ ഏറ്റവും വലിയ പണ്ഡിതയായിരുന്നു. നബി(സ)തിരുമേനി അവർക്ക് ഉമ്മു അബ്ദുല്ലാഹ് എന്ന വിളിപ്പേര് നല്കിയിരുന്നു. നബി(സ)തിരുമേനിക്ക് അവരോടുണ്ടായിരുന്ന സ്നേഹം മാതൃകപരമായിരുന്നു. ഇമാം ശഅ്ബി(റഹ്) വിവരിക്കുന്നു: മസ്റൂഖ്, ഹദ്റത്ത് ആഇശായിൽനിന്ന് ഏതെങ്കിലും കാര്യം നിവേദനം ചെയ്യുമ്പോൾ പറയുമായിരുന്നു, ഞാൻ സിദ്ദീഖ ബിൻത് സിദ്ദീഖിൽനിന്നാണ് നിവേദനം ചെയ്തത്. അവർ അല്ലാഹുവിന്റെ പ്രിയപ്പെട്ടവന്റെ പ്രിയപ്പെട്ടവളായിരുന്നു. അവരുടെ പവിത്രത അല്ലാഹു ഇറക്കി.'

ഹിജ്റ 57-ൽ 63-ാം വയസ്സിൽ അവർ വഫാത്തായി. ഒരു നിവേദനമനുസരിച്ച് അവിടന്ന് വഫാത്തായത് ഹിജ്റ 58-ലാണ്.

ആറാമത്ത കുട്ടി ഉമ്മു കുൽഥൂം ബിൻത് അബൂബക്റായിരുന്നു. അവർ ഹബീബ ബിൻത് ഖാരിജ അൻസ്വാരിയായുടെ വയറ്റിൽനിന്നാണ് പിറന്നത്. വഫാത്തിന്റെ നേരത്ത് ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ആഇശായോടു പറഞ്ഞു: 'ഇത് നിന്റെ രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമാണ്.'ഹദ്റത്ത് ആഇശാ(റ)പറഞ്ഞു: 'എന്റെ സഹോദരി അസ്മാ ആകുന്നു, അവരെ എനിക്കറിയാം. പക്ഷേ, രണ്ടാമത്തെ സഹോദരി എവിടെ?'ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അത് ഖാരിജയുടെ മകളുടെ ഉദരത്തിലാകുന്നു.' അതായത് ഇപ്പോൾ ജനിച്ചിട്ടില്ല. ജനിക്കുന്നത് പെൺകുട്ടിയായിരിക്കും. ഹദറത്ത് ആഇശാ(റ)പറയുന്നു: അവരുടെ വീട്ടിൽ പെൺകുട്ടിയാണ് ജനിക്കുക എന്ന് എനിക്ക് ഉറപ്പായി. ഹദ്റത്ത്

അബൂബക്ക്ർ(റ)ന്റെ വഫാത്തിനുശേഷം ഉമ്മുകുൽഥൂം ജനിച്ചു. ഉമ്മുകുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുമായി നടന്നു. അദ്ദേഹം ജമൽയുദ്ധത്തിൽ ശഹീദായി.

*(സയ്യിദുനാ അബൂബക്ർ ശഖ്സിയ്യത്ത് ഔർ കാർണാമെ ഡോക്ടർ സലാബീ, മുത്തർറജിം, പേജ് 48-52, അൽഫുർഖാൻ ട്രസ്റ്റ്, ഖാൻഗഢ് മുള്ഫർ ഗഢ് ജില്ല, പാക്കിസ്താൻ)(അൽബിദായ വന്നിഹായ, വാല്യം 8, ഭാഗം 4, പേജ് 58,99 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)(ഉസുദുൽഗാബ വാല്യം 5, പേജ് 98,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഇസ്വാബ, വാല്യം 8, പേജ് 392, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് അബൂബക്ക്ർ(റ)ന്റെ ഒരു മകളുടെ വിവാഹം ഹദ്റത്ത് ബിലാലുമായി നടന്നിരുന്നു. മാത്രമല്ല ഈ മകൾ അദ്ദേഹത്തിന്റെ നാലു ഭാര്യമാരിൽ ഏതോ ഭാര്യയെ ആദ്യംവിവാഹം കഴിച്ച ഭർത്താവിൽനിന്നുള്ളതാണ്. *(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ, ഉമർ അബുന്നസ്ർ,(മുത്തർറജിം)പേജ് 647, മുശ്താഖ് ബുക് കോർണർ ലാഹോർ)*

ഭരണ വ്യവസ്ഥിതിയെ സംബന്ധിച്ച് അതായത് എങ്ങനെയാണ് അവിടന്ന് ഭരണം നടത്തിയിരുന്നതിനെ സംബന്ധിച്ച് എഴുതുന്നു: 'കൂടിയാലോചന അനിവാര്യമായി വന്നാൽ അഭിപ്രായം പറയുന്നവരുടെ ആവശ്യമുണ്ടായിരുന്നു. ഫിഖ്ഹ് അഥവാ കർമശാസ്ത്ര സംബന്ധമായ കൂടിയാലോചന ആവശ്യമായി വന്നാൽ അദ്ദേഹം മുഹാജിറുകളിൽനിന്നും അൻസ്വാറിൽനിന്നുമായി ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് ഉബയ് ബിൻ കഅ്ബ്(റ),ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ),എന്നിവരെ വിളിച്ചിരുന്നു.' *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 2, പേജ് 267, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* അല്ലെങ്കിൽ ചില നേരങ്ങളിൽ കൂടുതൽ എണ്ണത്തിൽ മുഹാജിരീങ്ങളേയും അൻസ്വാറിനേയും വിളിച്ചു കൂട്ടുമായിരുന്നു.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ***ശാവിർഹും*** (3:160) എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഈ പദത്തിൽ ചിന്തിക്കുക. ഇതിൽനിന്ന് മനസ്സിലാകുന്നത് അഭിപ്രായം എടുക്കുന്നയാൾ ഒരാളാണ്. രണ്ടു പേരല്ല. കൂടിയാലോചിക്കുന്നത് മൂന്നുപേരിൽ കൂടുതൽ ആളുകളുമായിട്ടാണ്. പിന്നീട് ഈ കൂടിയാലോചനയിൽ ചിന്തിക്കുക. തുടർന്നു പറയുന്നു:ഫ ഇദാ അസംത്ത ഫതവക്കൽ അലല്ലാഹി(3:160). ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ പിന്നീടത് പൂർത്തിയാക്കുക. ആരേയും ഗൗനിക്കേണ്ടതില്ല. അതായത് കൂടിയാലോചന നടത്തുന്നയാൾ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം എല്ലാ കാര്യവും വിലയിരുത്തി അത് നടപ്പിൽ വരുത്തുക. പിന്നീട് ആരേയും ഗൗനിക്കേണ്ടതില്ല. എഴുതുന്നു:ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് ഈ ദൃഢനിശ്ചയത്തിന്റെ ഉദാഹരണങ്ങൾ യഥേഷ്ടം കാണുന്നുണ്ട്.

ജനങ്ങൾ മുർത്തദ്ദ് അഥവാ മതപരിത്യാഗികളാകാൻ തുടങ്ങിയപ്പോൾ ഉസാമയുടെ നേതൃത്വത്തിൽ പോകേണ്ടിയിരുന്ന സൈന്യത്തെ അയക്കരുതെന്ന് പലരും അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, അദ്ദേഹം മറുപടിയായി പറഞ്ഞു:'നബി(സ)തിരുമേനി അയച്ച സൈന്യത്തെ തിരിച്ചുവരുത്താൻ എനിക്ക് സാധ്യമല്ല. അബൂഖുഹാഫയുടെ മകന് അതിനുള്ള ശക്തിയില്ല.'പക്ഷേ, പലരേയും അവിടെത്തന്നെ നിറുത്തുകയും ചെയ്തു. ഹദ്റത്ത് ഉമറും ഈ സൈന്യത്തിൽ പോകുന്നുണ്ടായിരുന്നു. അദ്ദേഹത്തോടു അവിടെത്തന്നെ തങ്ങാൻ പറഞ്ഞു.

സക്കാത്തിനെപറ്റി പറയപ്പെടുന്നു, മുർത്തദ്ദാകുന്നതിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ സക്കാത്ത് മാപ്പാക്കണമെന്ന അഭിപ്രായമുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂബക്ക്ർ(റ)മറുപടി നല്കി:'ഇവർ നബി(സ)തിരുമേനിക്ക് ഒട്ടകത്തിന്റെ കയറാണ് കൊടുത്തിരുന്നതെങ്കിൽ ഞാൻ അതും അവരിൽനിന്ന് വാങ്ങുന്നതാണ്. ഇനി നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചുപോയാലും മതപരിത്യാഗികളോടൊപ്പം കാട്ടുചെന്നായ്കൾ ചേർന്നാലും ഞാൻ ഒറ്റയ്ക്ക് അവരെല്ലാവരോടും പോരാടുന്നതാണ്.'ഇത് ദൃഢനിശ്ചയത്തിന്റെ മാതൃകയാണ്. പിന്നീടെന്താണുണ്ടായതെന്ന് നിങ്ങൾക്കറിയാം. ഇതായിരുന്നു ഹദ്റത്ത് അബൂബക്റിന്റെ ദൃഢനിശ്ചയം. ആളുകളുടെ അഭിപ്രായങ്ങൾ മറ്റൊന്നായിരുന്നു. പക്ഷേ, എന്തു സംഭവിച്ചു. ഏതൊരു ദൃഢനിശ്ചയത്തിന്റെ മാതൃകയാണോ അവിടന്ന് കാഴ്ചവെച്ചത് അല്ലാഹു അവിടത്തെ ദൃഢനിശ്ചയം കാരണത്താൽ വിജയങ്ങളുടെ കവാടങ്ങൾ തുറന്നു. ഓർമിച്ചുകൊള്ളുക!അല്ലാഹുവിനെ മനുഷ്യൻ ഭയപ്പെടുമ്പോൾ പിന്നീട് സൃഷ്ടികളുടെ ഭയം അവന്റെ മനസ്സിൽ സ്വാധീനം ചെലുത്തുകയില്ല. *(മൻസബെ ഖിലാഫത്ത്, അൻവാറുൽ ഉലൂം വാല്യം 2, പേജ് 58)*

ഇതാണ് ഖിലാഫത്തിന്റെ സ്ഥാനത്തിന്റെ യാഥാർഥ്യം

ബയ്ത്തുൽമാലിന്റെസ്ഥാപനം: നബി(സ) തിരുമേനിയുടെ പരിശുദ്ധ കാലഘട്ടത്തിൽ യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്തുക്കളും സക്കാത്തിന്റെ അഞ്ചിലൊന്നും നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തുമ്പോൾ അപ്പോൾത്തന്നെ നബി(സ)തിരുമേനി മസ്ജിദ് നബ്വിയിൽ ഇരുന്ന് അത് വിതരണം ചെയ്യുമായിരുന്നു. അതായത് ഇങ്ങനെ നബി(സ)തിരുമേനിയുടെ കാലത്തതന്നെ ഇത്തരത്തിൽ ബയ്ത്തുൽമാൽ സംവിധാനമുണ്ടായിരുന്നു.

എന്നാൽ, ഹദ്റത്ത് അബൂബക്ക്ർ(റ)ന്റെ കാലത്ത് മറ്റുഫണ്ടുകൾ കൂടാതെ സമരാർജിത വസ്തുക്കളും ജിസ്യയും നല്ലപോലെ വരാൻ തുടങ്ങി. അതിൽ വർധനയുണ്ടായി. ഹദ്റത്ത് അബൂബക്ക്ർ(റ)ന് ഒരു ബയ്ത്തുൽമാൽ സംവിധാനം തുടങ്ങേണ്ടത് അനിവാര്യമാണെന്ന് തോന്നിത്തുടങ്ങി. അങ്ങനെ വിതരണവും ചെലവും ആകുന്നതുവരെ സമ്പത്ത് അവിടെ വെക്കാമല്ലോ. തുടർന്ന് അദ്ദേഹം മുതിർന്ന സ്വഹാബാക്കളുമായി ആലോചിച്ചശേഷം ഒരു വീട് ഇതിനുവേണ്ടി നിജപ്പെടുത്തി. എന്നാൽ, ഈ ബയ്ത്തുൽമാൽ പേരിനുമാത്രമായിരുന്നു. കാരണം രൊക്കം തുകയും സാധനങ്ങളും അവിടെത്തന്നെ വിതരണം ചെയ്യാൻ ഹദ്റത്ത് അബൂബക്ക്ർ(റ)ശ്രമിച്ചിരുന്നു.

ചില നിവേദനങ്ങളനുസരിച്ച് ധനവകുപ്പിന്റെ ഉത്തരവാദിത്വം ഹദ്റത്ത് അബൂഉബയ്ദായെയാണ് ഏൽപിച്ചത്.*(അശ്റമുബശ്ശ്റ, ബശീർ സാജിദ്, പേജ് 181, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ 2000)*

ആരംഭത്തിൽ ഹദ്റത്ത് അബൂബക്ക്ർ(റ)സുൻഹ് താഴ്വരയിൽ ബയ്ത്തുൽമാൽ ഉണ്ടാക്കിയിരുന്നു. കാവൽക്കാരാരേയും അതിന് നിയോഗിച്ചിരുന്നില്ല. സുൻഹ് മദീനയുടെ ഗ്രാമപ്രദേശത്ത് മസ്ജിദ് നബ്വിയിൽനിന്ന് ഏകദേശം രണ്ടുമൈൽ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഒരിക്കൽ ആരോ അദ്ദേഹത്തോടു ചോദിച്ചു: എന്തുകൊണ്ടാണ് ആരേയും ബയ്ത്തുൽമാലിന് പാറാവുകാരനായി നിശ്ചയിക്കാത്തത്? അദ്ദേഹം പറഞ്ഞു: അതിന്റെ സംരക്ഷണത്തിന് ഒരു പൂട്ടുതന്നെ മതിയാകുന്നതാണ്. കാരണം ബയ്ത്തുൽമാലിൽവരുന്നതെല്ലാം അദ്ദേഹം അപ്പപ്പോൾത്തന്നെ വിതരണം ചെയ്തിരുന്നു. അത് മിക്കപ്പോഴും കാലിയായിരുന്നു. എത്രത്തോളമെന്നാൽ അത് പൂർണമായും കാലിയായിട്ടുണ്ടായിരുന്നു. പിന്നീട് അദ്ദേഹം മദീനയിലേക്ക് മാറിയപ്പോൾ ബയ്ത്തുൽമാൽ തന്റെ വീട്ടിലേക്ക് മാറ്റുകയുണ്ടായി. ബയ്ത്തുൽമാലിലെ സ്വത്തു മുഴുവനും അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. അങ്ങനെ അത് കാലിയായി കിടന്നിരുന്നു. വിതരണം ചെയ്യുമ്പോൾ എല്ലാവർക്കും തുല്യമായി നല്കിയിരുന്നു. ഇതേ സ്വത്തിൽനിന്നുതന്നെ ഒട്ടകങ്ങളും കുതിര

ശേഷം പേജ് 8 ൽ

## • ഹദീഥുന്നബ്വി(സ) •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## • ഹദീഥുന്നബ്വി(സ) •

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(കഴിഞ്ഞ ലക്കം പേജ് 8 കോളം 1-ൽ നിന്ന് തുടർച്ച)

### മെയ് 24, ഞായറാഴ്ച 2015

രാവിലെ 04.30-ന് ഹുദൂർ അയ്യദഹുല്ലാഹ് സ്വുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

രാവിലെ ഹുദൂർ അൻവർ ഓഫീസ് സംബന്ധമായ കത്തുകളും പൊതുവായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു.

11.30-ന് ഹുദൂർ അൻവർ ഓഫീസിലേക്ക് വന്നു. അഡീഷണൽ വക്കീലുൽമാൽ ലണ്ടനെ ഹുദൂർ വിളിച്ചു വരുത്തി. ചില ഓഫീസ് സംബന്ധമായ കാര്യങ്ങളെ കുറിച്ചും പ്രശ്നങ്ങളെ കുറിച്ചും മാർഗനിർദേശങ്ങൾ നല്കി. ഇതിന്നുശേഷം കൂടിക്കാഴ്ചാ പരിപാടികളാരംഭിച്ചു.

#### കൂടിക്കാഴ്ചകൾ

രാവിലെ നടന്ന ഈ പരിപാടിയിൽ 35 കുടുംബങ്ങളിൽനിന്നുമുള്ള 137 അംഗങ്ങളും 48 പേർ വ്യക്തിപരമായും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി നിർവൃതിയടഞ്ഞു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു.

ജർമൻ ജമാഅത്തുകളായ എപ്പെൽഹെയിം (EPPELHEIM), ഹൊഫെയിൻ(HOFHEIN), വ്യൂട്ട്ലിംഗൻ (REUTLINGEN), ട്രെയർ(TRIER), മൻഹെയിം, ബുറഖ്സാൽ, ഹ്യൂസൻസ്റ്റാം(HEUSEN|STAMM), സ്റ്റട്ട്ഗാർട്ട്(ST UTTGART),ലാംഗൻ(LANGEN),വീസ്ബാദൻ, ഡ്രെസ്ഡെൻ(DRESDEN), ആലെൻ(AALEN), നിഡ്ഡ (NIDDA), ഫുൽഡാ, ഹൈഡൽബെർഗ്, വാൽഡോർഫ് (WALLDORF), കാൾസ്റുഹെ(KARLSRUHE), യൂസിംഗ്ജെൻ(USINGEN), ഫ്രൈഡ്ബെർഗ്(FRIEDBERG) ജെലൻഹൌസൺ(GELNHAUSEN), ജിൻഷെറിൻ(GINSHRIN), മയിൻസ്(MAINZ), ന്യൂഹോഫ്(NEUHOF), ഹംബെർഗ്(HAMBURG)എന്നിവിടങ്ങളിൽനിന്ന് അംഗങ്ങൾ ഹുദൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു.

ചില ജമാഅത്തുകളിൽനിന്നുവന്ന കുടുംബങ്ങൾ വളരെ ദീർഘ ദൂരം യാത്ര ചെയ്താണെത്തിയത്. വിശിഷ്യാ, ഹംബർഗ് പട്ടണത്തിൽനിന്നു വന്ന കുടുംബങ്ങൾ 500 കിലോമീറ്റർ ദീർഘദൂരം യാത്ര ചെയ്താണ് എത്തിയത്. ലിത്വാനിയ(LITHUANIA)രാജ്യത്തു നിന്നു വന്ന ജമാഅത്തംഗങ്ങളും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

ഹുദൂർ അൻവർ വാത്സല്യപൂർവം വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

ഇന്നത്തെ കൂടിക്കാഴ്ചയിൽ പങ്കെടുത്തവരിൽ ഏറിയ കുടുംബങ്ങളും പാക്കിസ്താനിൽനിന്ന് ഈ വർഷം ഇവിടെ എത്തിയവാരയിരുന്നു. ജീവിതത്തിൽ ആദ്യമായാണ് അവർ പ്രിയപ്പെട്ട ഹുദൂറിനെ നേരിട്ട് ദർശിച്ച് സംതൃപ്തരാകുന്നത്. സ്വന്തം രാജ്യത്ത് നാട്ടുകാരിൽനിന്നു പീഢനങ്ങളേറ്റുവാങ്ങിയ ഇവരും ഇവരുടെ മക്കളും ഇന്നത്തെ ചില മണിക്കൂറുകളിൽ ഹുദൂറിനെ ദർശിച്ച് എത്രയോ ഭാഗ്യം സിദ്ധിച്ചവരായി. അവരുടെ ദുഃഖങ്ങൾക്ക് ആശ്വാസമായി. ഹൃദയങ്ങൾ ശാന്ത നിർഭരമായി. ഒരിക്കലും നിലയ്ക്കാത്ത പ്രാർഥനകളുടെ ഖജനാവുകളും വഹിച്ചുകൊണ്ട് അവർ ഇവിടെനിന്നു വിടവാങ്ങി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 02.15 വരെ നീണ്ടു നിന്നു

#### ആമീൻ പരിപാടി.

അതുകഴിഞ്ഞ് മസ്ജിദ് ഹാളിലെത്തിയ ഹുദൂർ ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. താഴെ പറയുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 25 പേരിൽനിന്ന് ഹുദൂർ ഓരോ ആയത്ത് കേട്ടു. ഒടുവിൽ ദുആയ്ക്ക് നേതൃത്വം നല്കി.

**ഇവരാണ് ആമീൻ പരിപാടിയിൽ പങ്കെടുത്തത്:**

അസീസം അഹ്മദ് ഫൌസാൻ രിസാ, അസീസം അദൻ മഹ്മൂദ്, അസീസം ഉമംഗ് മഹ്മൂദ്, സ്വബാഹത്ത് അഹ്മദ് ശക്കീൽ, ബിലാൽ അഹ്മദ്, തഹ്സീൻ രിസാ അഹ്മദ് , ബാസിൽ അഹ്മദ് ബട്ട്, മലിക്ക് ഫാറാൻ അഹ്മദ്, ഇഹ്തിശാം അഹ്മദ്, മഗ്ഫൂർ അഹ്മദ്, ബാസിൽ അഹ്മദ് ബാജ്വ, ജഹാം സേബ് തൻവീർ, സ്വുഹയ്ബ് കാംറാൻ ജാവേദ്, ദീശാൻ മഹ്മൂദ് മലിക്ക്, ഫാറാൻ മഹ്മൂദ് മലിക്ക്, ദക്കീ അഹ്മദ്, ജാദിബ് അഹ്മദ്, ശാസിൽ നാസ്വിർ.

അസീസ തഹമീന അഹ്മദ്, അസീസ കായിനാത്ത് നഫീസ്, അസീസ സായിറാ ഇഫത്ത്, അസീസ ഗസാല തഹ്രീം, അസീസ മർയം ഗുൽ, അസീസ ഹാല ഖമർ സഫർ, അസീസ ഖുർറത്തുൽ ഐൻ.

**ഇവർ താഴെ പേരുപറയുന്ന ജമാഅത്തുകളിൽനിന്നു വന്നവരാണ്:**

ലിയോ ബക്, ബുർഖ്സാൽ, ഹെയിൽ ബ്രോൺ (HEILBRONN), ന്യൂറൻബർഗ്(NURNBERG), എപ്പെൽഹെയിം(EPPELHEIM), ബ്രെമ്മെൻ(BREMEN), ഫോർഷെയിം(PFORZHEIM), കാൾശ്രുഹെ(KARLSRUHE), ഹൈഡൽബെർഗ്, ബ്യൂട്ട്ഹുഡെ(BUTEHUDE), ഹാനോവർ(HANNOVER), റാറ്റിൻജെൻ(RATINGEN), സോയെസ്റ്റ്(SOEST), ഡോർട്ട് മണ്ട്(DORTMUND), കാൾവ്(CALW), വൈബ്ളിങ്ജെൻ(WAIBLINGEN), റെനിൻ ജെൻ (RENNINGEN), എസ്ലിൻജെന് (ESSLINGEN),

ഈ ജൽസയിൽ പങ്കെടുക്കുന്നതിന് ഹാനോവറിൽ(HANNOVER) നിന്നു വന്നവർ 350 കിലോമീറ്ററും ബ്രെമ്മെനിൽ(BREMEN)നിന്നു വന്നവർ 430 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് എത്തിയത്. ആമീൻ പരിപാടിക്കുശേഷം ഹുദൂർ ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

ഉച്ചക്കുശേഷവും ഹുദൂർ ചില ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി.

#### കുടുംബ പരമായ കൂടിക്കാഴ്ചകൾ

വൈകുന്നേരം 06.00 മണിക്ക് ഓഫീസിലെത്തിയ ഹുദൂർ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് തുടക്കമിട്ടു. വൈകുന്നേരത്തെ ഈ സെഷനിൽ ജർമനിയിലെ 43 ജമാഅത്തിൽനിന്നു വന്ന 56 കുടുംബങ്ങളിലെ 204 അംഗങ്ങളും 48 പേർ വ്യക്തിപരമായും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി.

കാസലിൽ(KASSEL) നിന്നു വന്ന കുടുംബങ്ങൾ 180 കിലോമീറ്ററും ഹാനോവറിൽ(HANNOVER) നിന്നു വന്നവർ 350 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് പ്രിയപ്പെട്ട തങ്ങളുടെ ഇമാമിനെ കാണാനെത്തിയത്. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. ഹുദൂർ

വാത്സല്യപൂർവം വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 09.00 മണിവരെ നീണ്ടു നിന്നു.

ശേഷം ഹുദൂർ അൻവർ ആദരണീയനായ മുബല്ലിഗ് സയീദ് റഫീഖ് സാഹിബിന്റെ വലീമാക്ഷണത്തിൽ പങ്കുചേർന്നു. ബയ്ത്തുസ്സബൂഹിലെ ഒരു ഹാളിൽതന്നെയാണ് ഈ പരിപാടിക്ക് ഏർപ്പാട് ചെയ്തിരുന്നത്. സയീദ് റഫീഖ് സാഹിബ് എം.ടി.എ ഇന്റർനാഷണലിന്റെ ലൈബ്രറി വിഭാഗത്തിൽ സേവന നിരതനാണ്. അദ്ദേഹത്തിന്റെ വിവാഹം ജർമനിയിലാണ് നടന്നത്.

ശേഷം മസ്ജിദ് ഹാളിൽ മഗ്രിബ്-ഇശാഅ് നമസ്കാരങ്ങൾ ഹുദൂറിന്റെ നേതൃത്വത്തിൽ ജംഅ് ജമാഅത്തായി നിർവഹിക്കപ്പെട്ടു.

### മെയ് 25, 2015 തിങ്കളാഴ്ച

രാവിലെ 04.30-ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. രാവിലെ ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽ മുഴുകിയ ഹുദൂർഅൻവർ ഔദ്യോഗികമായ കത്തുകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ഫാക്സുകൾ മുഖേനയും അല്ലാതെയും വന്ന ഇതര കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

#### കുടുംബപരമായ കൂടിക്കാഴ്ചകൾ

രാവിലെ 11.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾക്ക് തുടക്കമിട്ടു. ഇന്നത്തെ കൂടിക്കാഴ്ചയിൽ 39 കുടുംബങ്ങളിൽനിന്നുള്ള 143 അംഗങ്ങളും 6 പേർ വ്യക്തിപരമായും പങ്കുകൊണ്ടു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു.

ഹുദൂർഅൻവർ വാത്സല്യപൂർവം വിദ്യാർഥി

വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

**ഈ കുടുംബങ്ങൾ ജർമനിയിലെ താഴെ പേരു ചേർക്കുന്ന ജമാഅത്തിൽനിന്നു എത്തിയവരാണ്:**

കാൾവ്, സോയസ്റ്റ്, ബർസ്റ്റഡ്റ്റ്, റാഡോൾഫ് സെൽ, നോർത്ത്ഹെയിം, നിഡ്ഡ, നീഡർഹൗസൻ, കോബ്ലൻസ്, ഡസ്സൽഡോർഫ്, ആൾട്ട്മാൻ, ഹാനൌ, ഓസ്നാബ്രുക്ക്, റെനിംഗ്ജെൻ, ഹോഫ്ഹെയിം, ഫ്രെയിൻഷെയിം, ഉസിൻജെൻ, വുർസ് ബെർഗ്, ഗൊഡലാവു, ഡോർട്ട് മുണ്ട്, ആലൻ, എർഫൽഡെൻ, മന്ഹെയിം, റാഡർബോൺ.

(CALW, SOEST, BURSTADT, RADOLFZELL, NORTHEIM, NIDDA, NIEDERHAUSEN, KOBLENZ, DUSSELDORF, ALTMANN, HANAU, OSNABRUCK, RENNINGEN, HOFHEIM, FREINSHEIM, USINGEN, WURZBURG, GODDELAU, DORTMUND, AALEN, ERFELDEN, RADERBORN).

കാസലിൽ നിന്നുവന്ന കുടുംബങ്ങൾ 180 കിലോമീറ്ററും ഡസൽഡോർഫിൽ നിന്നുവന്ന കുടുംബങ്ങൾ 230 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് എത്തിയത്.

കൂടിക്കാഴ്ചയുടെ ഈ സെഷൻ ഉച്ച കഴിഞ്ഞ് 02.00 മണിക്ക് സമാപിച്ചു. ശേഷം ള്ുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി ഹുദൂറിന്റെ നേതൃത്വത്തിൽ നിർവഹിക്കപ്പെട്ടു.

**ജനാസ നമസ്കാരങ്ങൾ; ഹാജറും ഗാഇബും**

ള്ുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾക്കു മുമ്പേ ഹുദൂർ താഴെ പേര് ചേർക്കുന്നവരുടെ രണ്ട് ഹാജർ ജനാസകളും 6 ഗാഇബ് ജനാസകളും നമസ്കരിപ്പിച്ചു.

**ഹാജറുള്ള ജനാസ നമസ്കാരം**

1. മാർബുർഗ്, ജർമനിയിലെ ആദരണീയനായ ഖാലി ത്വാഹിർ അഹ്മദ് സാഹിബ് 2015 മെയ് 20-ന് 63-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ജർമനിയിൽ 13 വർഷം രശ്തനാത്വ വകുപ്പിന്റെ സെക്രട്ടറിയായി സേവനം നിർവഹിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ജമാഅത്തിലെ ഒരു പ്രസിദ്ധ പണ്ഡിതനായ ഖാളി മുഹമ്മദ് നദീർ സാഹിബ് ലായൽപൂരി മർഹൂമിന്റെ മരുമകനായ അദ്ദേഹം മൂസ്വിയായിരുന്നു.

2. ഡ്രാംഷ്ടഡ്, ജർമനി സ്വദേശിയായ ആദരണീയനായ ചൗദ്ദരി അബ്ദുൽഹഖ് സാഹിബ് മർഹൂമിന്റെ സഹധർമ്മിണിയായ ആദരണീയ അസീസ് ബീഗം സാഹിബ 2015 മെയ് 23-ന് 77-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഡ്രാംസ്ടഡ് പ്രാദേശിക ഇമാറത്തിലെ സ്വൻഅത്ത് വ തിജാറത്തിന്റെ സെക്രട്ടറി ആദരണീയനായ ശഹ്ബാസ് സാഹിബിന്റെ മാതാവാണ്.

**ജനാസ ഗാഇബ്.**

1. ഹാഫിളാബാദ് ജില്ലയിലെ പ്രേംകോട്ടുകാരൻ ആദരണീയനായ നയീം അഹ്മദ് സിൻദ്ദൂ സാഹിബിന്റെ സഹധർമ്മിണി ആദരണീയയായ രിള്വാന പർവീൻ സാഹിബ 2015 മാർച്ച് 9-ന് 42-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പ്രൈം കോർട്ട് ജമാഅത്തിൽ സ്വദ്ർ ലജ്ന എന്ന നിലയിൽ നീണ്ട കാലം സേവനം നിർവഹിക്കാൻ അവസരം ലഭിച്ച അവർ മൂസ്വിയയായിരുന്നു.

2. സർഗോദയുടെ വടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന ചെക്ക് 35 വാസി ആദരണീയനായ ഖുദാ യാർ സാഹിബ് മർഹൂമിന്റെ സഹധർമ്മിണി ആദരണീയയായ ഫത്ഹ് ഖാത്തൂൻ സാഹിബ 2015 ഫെബ്രുവരി 23-ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* വളരെ സരള പ്രകൃതക്കാരിയും അനുകമ്പ പുലർത്തുന്ന സ്ത്രീയും ദുആ ചെയ്യുന്നവരും സൽപ്രകൃതക്കാരിയും നിഷ്കളങ്കയും ആയിരുന്ന അവർ മൂസ്വിയയായിരുന്നു.

3. പാക്കിസ്താനിലെ സിയാൽക്കോട്ട് ജില്ലയിലെ പസ്റൂർ തഹ്സീലിൽ സ്ഥിതി ചെയ്യുന്ന കലാ സവാല നിവാസിയായിരുന്ന, ആദരണീയനായ ഖുദാ ബഖ്ശ് സാഹിബ് മർഹൂമിന്റെ മകൻ ആദരണീയ നായ ജമാൽദീൻ സാഹിബ് 2015 ഏപ്രിൽ 28ന് 88-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ജമാഅത്തിനോട് കൂറും വേദനയും വെച്ചു പുലർത്തുന്ന സൽപ്രകൃതക്കാരനും ആത്മാർഥനുമായ വ്യക്തിത്വമായിരുന്നു അദ്ദേഹം.

4. സിയാൽക്കോട്ട് ജില്ലയിലെ കലാസവാല സ്വദേശി ആദരണീയനായ ബശാറത്ത് അഹ്മദ് സാഹിബിന്റെ സഹധർമ്മിണി ആദരണീയയായ സാജിദാ പർവീൻ സാഹിബ 2015 ഏപ്രിൽ 12ന് രണ്ടു വർഷത്തെ രോഗാവസ്ഥക്കുശേഷം 47-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* കലാസവാല ജമാഅത്തിൽ നീണ്ടകാലം സ്വദ്ർ ലജ്നാ എന്ന നിലയിൽ സേവനം അനുഷ്ഠിക്കാൻ അവർക്ക് അവസരം ലഭിച്ചു. മൂസ്വിയയായിരുന്ന അവർ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവയും ഉത്സുകയുമായിരുന്നു.

5. റബ്വയിലെ ആദരണീയനായ ശഫീഅ് മുഹമ്മദ് സാഹിബിന്റെ മകൻ ആദരണീയനായ ഹഫീള്ദ് അഹ്മദ് സാഹിബ് 2015 മെയ് 21 ന് 66-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ബിഹിശ്തി മഖ്ബറ റബ്വയുടെ സേവകനായിരുന്ന അദ്ദേഹം റബ്വയിലെ ദാറുസ്സ്വദ്റിൽ ട്യൂബ്വെൽ ഓപ്പറേറ്ററായിരുന്നു.

6. ജർമനിയിലെ റോൺഹൈം വാസി ആദരണീയനായ ചൗദ്ദരി അബ്ദുല്ലത്വീഫ് സാഹിബിന്റെ സഹധർമ്മിണി ആദരണീയയായ ബശീറാം ബീഗം സാഹിബ 2015 മെയ് 7ന് ജർമനിയിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഹദ്റത്ത് വാഗ്ദത്ത മസീഹ്[അ]ന്റെ സ്വഹാബി ഹദ്റത്ത് മിയാൻ ദീൻ മുഹമ്മദ് സാഹിബ്[റ]ന്റെ മകളും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ മുൻ നാള്ിർ സാഹിബ് അഅ്ലാ ആദരണീയനായ ഗുലാം മുഹമ്മദ് അഖ്തർ സാഹിബിന്റെ സഹോദരീപുത്രിയുമായിരുന്നു. അവരുടെ മകൻ റോൺഹൈം ജമാഅത്തിന്റെ സ്വദ്റും ളിയാഫത്ത് വിഭാഗത്തിന്റെ നാഷണൽ അസിസ്റ്റന്റ് സെക്രട്ടറിയുമായി സേവനം അനുഷ്ഠിക്കുന്നു. അവർ മൂസ്വിയയായിരുന്നു.

ജനാസ നമസ്കാരത്തിനുശേഷം മസ്ജിദ് ഹാളിലേക്ക് വന്ന ഹുദൂർ ആമീൻ പരിപാടിക്ക് തുടക്കമിട്ടു.

**ആമീൻ പരിപാടി**

താഴെ പേർ ചേർക്കുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 24 പേരിൽനിന്നു വിശുദ്ധ ഖുർആനിന്റെ ഓരോ ആയത്ത് ഹുദൂർ ഓതിക്കേട്ടു. അതിനുശേഷം ദുആക്ക് നേതൃത്വം നല്കി.

അസീസം ആദാൻ മഹ്മൂദ്, അസീം അഹ്മദ്, ശായാൻ അഹ്മദ്, തഫ്രീദ് അഹ്മദ്, ഖാഹിർ അഹ്മദ്, സ്വഫ്വാൻ അഹ്മദ് ജാവേദ്, ഫരീദ് സക്രിയ്യാ, ഖാഖാൻ റശീദ്, റാണാ ഫർഹാൻ അഹ്മദ്, ഇബ്തിസാം ഖാൻ, സാഹിർ നദീം ഭട്ടി, അഹ്സൻ അഫ്ളാൽ, ഈശാൻ അഹ്മദ്, തൌകീൽ അഹ്മദ്.

അസീസ തഅ്ബീർ നാസ്വിർ ഡോഗർ, അസീസ മന്നാൽ ഹബീബ്, ഗുൽ നതാഷ ഖാൻ ജാവേദ്, സത്വ്വത്ത് ത്വാഹിർ, അലീൻ അഹ്മദ്, രിദാ അഹ്സൻ, അദീബ അഹ്മദ്, ഫരീഹ ശഹ്സാദ്, ശാഫിയ അഫ്സൽ, ഗസാല ശാദ്.

ആമീൻ പരിപാടിക്കിടയിൽ ഒരു പെൺകുട്ടി ഹുദൂറിനോട് ദുആക്കപേക്ഷിച്ചു. പ്രിയങ്കരനായ ഇമാം തന്റെ ശിരസ്സിൽ കൈവെച്ച് പ്രാർഥിക്കണമെന്ന് പറഞ്ഞ ആ കുട്ടിയുടെ ആഗ്രഹം ഹുദൂർ നിറവേറ്റി. ഈ സൗഭാഗ്യവതിയായ പെൺകുട്ടി ഈ നിമിഷങ്ങളിൽ നേടിയ ദുആകളുടെ ഖജനാവുമായി മടങ്ങി.

ശേഷം ഹുദൂർ അൻവർ ള്ുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ്-ജമാഅത്തായി നമസ്കരിപ്പിച്ചു.

**ഒരു ഇന്റർവ്യൂ.**

ഡൈ സൈറ്റ്(DIE ZEIT) പത്രപ്രതിനിധി ഹുദൂറിനെ കാണുന്നു.

വൈകുന്നേരം 05.30-ന് ഹുദൂർ ഓഫീസിലെത്തി. ജർമനിയിലെ ഒരു പ്രസിദ്ധ പത്രമായ ഡൈ സൈറ്റ്(DIE ZEIT) പത്രത്തിന്റെ ഓൺ ലൈൻ എഡിഷന്റെ പ്രതിനിധി ത്വാഹിർ ചൗദ്ദരി സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ചക്കെത്തി. ഇന്റർവ്യൂ ചെയ്തു.

ത്വാഹിർ ചൗദ്ദരി സാഹിബ് ഒരു അഹ്മദീ യുവാവാണ്. യൂണിവേഴ്സിറ്റിയിൽ ജേർണലിസം പഠിച്ചു വരുന്നു. ഡൈ സൈറ്റ് പത്രത്തിൽ പ്രവൃത്തിക്കുകയും ചെയ്യുന്നു. വളരെയധികം രാഷ്ട്രീയ പ്രവർത്തകരേയും കായിക രംഗത്തുള്ള കളിക്കാരേയും സാമൂഹിക വിചീക്ഷണരേയും അദ്ദേഹം ഇന്റർവ്യൂ ചെയ്തിട്ടുണ്ട്.

1946 മുതൽ വ്യാഴാഴ്ചതോറും ഡൈ സൈറ്റ് പത്രം പ്രസിദ്ധീകരിച്ചുവരുന്നു. മുൻചാൻസിലർ ശ്മിട്ട് ഈ പത്രത്തിന്റെ പ്രസാധകനാണ്. ഒരു ഇറ്റാലിയൻ പത്രപ്രവർത്തകൻ ഇതിന്റെ ചീഫ് എഡിറ്ററാണ്. ഏകദേശം 5 ലക്ഷത്തോളം പ്രതികൾ വിറ്റഴിക്കപ്പെടുന്നു. വായനക്കാരുടെ എണ്ണം ഒന്നര മില്യനാണ്. ഓൺലൈൻ എഡിഷൻ ഇന്റർനെറ്റിലൂടെ വായിക്കുന്നവർ ഏകദേശം 5 മില്യനാണ്.

പത്ര പ്രതിനിധി ത്വാഹിർ അഹ്മദ് സാഹിബ്:

ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ അവസ്ഥകളെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്? അധഃപതനത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

**ഹുദൂർ അൻവർ**: ഇസ്‌ലാമിന്റെ അധഃപതനത്തിന്റെ അടിസ്ഥാന കാരണങ്ങൾ മനസ്സിലാക്കാൻ അതിന്റെ ആരംഭ കാലത്തേക്ക് പോകേണ്ടി വരും. ഇസ്‌ലാമിന്റെ ആരംഭം കുറിക്കപ്പെടുകയും വഴികേടിലായിത്തീർന്ന ഒരു ജനതയെ നബി(സ)തിരുമേനി പരിഷ്കരിച്ചെടുക്കുകയും ചെയ്തു. അവരെ മനുഷ്യരാക്കി മാറ്റി. വാഗ്ദത്ത മസീഹിന്റെ വാക്കുകളിൽ പറഞ്ഞാൽ അവരെ മൃഗങ്ങളിൽനിന്ന് മനുഷ്യരാക്കി. വിദ്യാസമ്പന്നരായ മനുഷ്യരാക്കി മാറ്റി. തുടർന്ന് ദൈവ മനുഷ്യരുമാക്കി. അവർ ഉന്നതനായ അല്ലാഹുവിനെ തിരിച്ചറിയുന്നവരായി. ഈ അവസ്ഥയിലേക്ക് അവരെത്തുകയും മാറ്റത്തിന് വേദിയാവുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി ഒരു ദീർഘദർശനം നടത്തുകയും ചെയ്തു. ഉന്നത ജ്ഞാനം സിദ്ധിച്ച ഇവരുടെമേൽ ഒരു കാലം വരും. വീണ്ടും പഴയ അവസ്ഥയിലേക്ക് അവർ മടങ്ങും. എന്നല്ല, അതിനേക്കാൾ മോശമായ അവസ്ഥയിലേക്ക് അവർമടങ്ങുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ തുറന്ന നിലയിൽ രേഖപ്പെട്ടു കിടക്കുന്ന ഇസ്‌ലാമികാധ്യാപനങ്ങളെല്ലാം അവിടെ തന്നെയുണ്ടാകും. എന്നാൽ, അതിനെ മനസ്സിലാക്കി കൊടുക്കുന്ന, വിവരിക്കുന്ന പണ്ഡിതന്മാർ വഴികേടിലാകും. അക്കാലഘട്ടത്തിൽ, ഇസ്‌ലാമിനെ വീണ്ടും ലോകത്ത് സ്ഥാപിക്കുന്ന വ്യക്തി വരും. വിശ്വാസം കാർത്തിക നക്ഷത്രത്തിൽ കയറി പോയാലും അവിടെനിന്ന് അതിനെ അദ്ദേഹം ഭൂമിയിലേക്ക് മടക്കി കൊണ്ടു വരും. ഇന്നത്തെ മുസ്‌ലിമീങ്ങളുടെ ഈ വഴികേടിലായ അവസ്ഥ നബി(സ)തിരുമേനിയുടെ പ്രസ്തുത ദീർഘദർശനം അനുസരിച്ചാണ്. ഇതിന്റെ ചികിത്സയും നബി(സ)തിരുമേനി നിർദ്ദേശിച്ചു. അക്കാലം സമാഗതമാകുമ്പോൾ മുസ്‌ലിമീങ്ങളെ നേർവഴിയിലാക്കാനും അവർക്ക് മാർഗദർശനം നല്കാനും ഇമാം മഹ്ദി വരും. അദ്ദേഹത്തെ അംഗീകരിക്കലും എന്റെ സലാമെത്തിക്കലും സ്വീകരിക്കലും നിങ്ങളുടെ അവസ്ഥ നന്നാക്കിത്തീർക്കും. അല്ലെങ്കിൽ നിങ്ങൾ വഴികേടിലേക്ക് പോകും. വഴികേടിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു: ഇസ്രാഈൽ ജനതക്ക് വന്നെത്തിയ അവസ്ഥകൾ എന്റെ സമുദായത്തിലും വന്നെത്തും. ഒരു ചെരുപ്പ് മറ്റേതിനോടു സാദൃശ്യമാണെന്നതുപോലെ അവരുടെ സാദൃശ്യമുണ്ടാകും. അവരിലുള്ളവർ സ്വന്തം മാതാക്കളെ വ്യഭിചരിച്ചിട്ടുണ്ടെങ്കിൽ എന്റെ സമുദായത്തിലും ചില ദൗർഭാഗ്യർ അത് പിന്തുടരുമെന്നുപോലും നബി(സ)തിരുമേനി പറഞ്ഞു. ഇത് അധഃപതനത്തിന്റെ ആഴത്തെയാണ് കാണിക്കുന്നത്. സ്വഭാവ രംഗത്തും മതരംഗത്തും ധാർമിക രംഗത്തും ഇത്രയധികം അതിരറ്റ വഴികേടുണ്ടാകുമെന്ന്!

നബി(സ)തിരുമേനിയുടെ ദീർഘദർശനം അനുസരിച്ച് അക്കാലത്ത് വരേണ്ട ശക്തിപ്രഭാവത്തെ അംഗീകരിച്ചാൽ രക്ഷപെടുന്നതായിരിക്കും. ഇന്ന് ഇതുതന്നെയാണ് നമ്മൾ കാണുന്നത്. ഓരോ വിഭാഗവും തീവ്രവാദത്തിന്റെ അധ്യാപനം നല്കുന്നില്ലെങ്കിലും സ്വന്തം പ്രവൃത്തിയിലൂടെ അതിന്

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

കളും ആയുധങ്ങളും വാങ്ങി അല്ലാഹുവിന്റെ മാർഗത്തിൽ വിതരണം ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം ഗ്രാമീണവാസികളിൽ നിന്ന് പുതപ്പുകൾ വാങ്ങി മദീനയിലെ വിധവകൾക്ക് വിതരണം ചെയ്യുകയുണ്ടായി. *(താരീഖുൽ ഖുലഫാഅ്, അല്ലാമ സുയൂതി, പേജ് 63-64, ദാറുൽകിതാബിൽഅറബി ബെയ്റുത്ത് 1999)(ഫർഹങ്കെ സീറത്ത് പേജ് 157, സവാർ അക്കാഡമി കറാച്ചി)* പലപ്പോഴും ഇങ്ങനെ ചെയ്തിട്ടുണ്ട്. പക്ഷേ, എന്തായാലും ഈ സ്മരണ നിവേദനത്തിൽ ഒരു തവണ മാത്രമെ റെക്കാഡായിട്ടുള്ളു.

ഹദ്റത്ത് അബൂബക്റിനുവേണ്ടി പൊതുഖജനാവിൽനിന്ന് സ്റ്റൈഫന്റ് നിശ്ചയിക്കുന്നതു സംബന്ധിച്ച് എഴുതിയിരിക്കുന്നു: ഹദ്റത്ത് അബൂബക്ർ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പൊതുഖജനാവിൽനിന്നുതന്നെയാണ് സ്റ്റൈഫന്റ് നിശ്ചയിക്കപ്പെട്ടത്. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: ഹദ്റത്ത് അബൂബക്ർ ഖലീഫയായപ്പോൾ അദ്ദേഹം പറഞ്ഞു: കുടുംബം പുലർത്താൻ കഴിയാത്തതരത്തിലുള്ള ജോലിയല്ല ഞാൻ ചെയ്തിരുന്നതെന്ന് എന്റെ സമുദായത്തിന്നറിയാം. കുടുംബത്തിന് സുഖമായി കഴിയാനുള്ള വരുമാനമുണ്ടായിരുന്നു. എന്നാലിപ്പോൾ മുസ്‌ലിമീങ്ങളുടെ സേവനത്തിൽ ഞാൻ മുഴുകിയിരിക്കുകയാണ്. ഇനി അബൂബക്റിന്റെ കുടുംബം പൊതുഖജനാവിൽ നിന്നായിരിക്കും ചെലവു പറ്റുക. അയാൾ അതായത് അബൂബക്ർ മുസ്‌ലിമീങ്ങൾക്കു വേണ്ടി ആ സമ്പത്തുകൊണ്ട് വ്യാപാരം നടത്തുകയും വ്യാപാരത്തിലൂടെ അവരുടെ സമ്പത്ത് വർധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. *(സ്വഹീഹുൽ ബുഖാരി, കിതാബുൽബുയൂഅ് ഹദീഥ് നമ്പർ 2070)*

അങ്ങനെ മുസ്‌ലിമീങ്ങൾ അദ്ദേഹത്തിന് വർഷം ആറായിരം ദിർഹം വേതനം നിശ്ചയിച്ചു. ചിലർ പറയുന്നു, തനിക്കു ആവശ്യമുള്ളതുമാത്രമെ അദ്ദേഹം സ്വീകരിച്ചിരുന്നുള്ളു എന്നാണ്. പ്രജകൾ വേതനം നിശ്ചയിച്ച പ്രഥമ ഭരണത്തലവനായിരുന്നു അദ്ദേഹം. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ, വാല്യം 2, പേജ് 272, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഒരു നിവേദനത്തിൽ ഇപ്രകാരം കാണാം. ഹദ്റത്ത് അബൂബക്ർ ഖലീഫയായപ്പോൾ ഒരിക്കൽ ചന്തയിലേക്ക് പോകുകയായിരുന്നു. കച്ചവട വസ്ത്രങ്ങൾ ചുമലിലേറ്റിക്കൊണ്ടാണ് പോയിരുന്നത്. ഹദ്റത്ത് ഉമർ ബിൻ ഖത്വാബും ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹും അദ്ദേഹത്തെ കണ്ടു. അവർ ചോദിച്ചു: അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! അങ്ങ് എങ്ങോട്ടാണ് പോകുന്നത്? അദ്ദേഹം പറഞ്ഞു: ചന്തയിൽ പോകുകയാണ്. അവർ പറഞ്ഞു: മുസ്‌ലിമീങ്ങളുടെ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട അങ്ങ് ഇതെന്താണ് ചെയ്യുന്നത്? അദ്ദേഹം പറഞ്ഞു: ഞാനെങ്ങനെ എന്റെ കുടുംബം പുലർത്തും. തങ്ങൾ വേതനം നിശ്ചയിച്ച് തരാമെന്നു പറഞ്ഞ് അവർ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകുകയും അദ്ദേഹത്തിന് വർഷം മൂവായിരം ദിർഹം വേതനം നിശ്ചയിക്കുകയും ചെയ്തു. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 137, അബൂബക്ർ സ്സിദ്ദീഖ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ചില നിവേദനങ്ങളിൽ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ആറായിരം ദിർഹം നിശ്ചയിച്ചിരുന്നുവെന്നാണ് വന്നിരിക്കുന്നതെങ്കിൽ ചില നിവേദനങ്ങളനുസരിച്ച് ഖിലാഫത്ത് കാലഘട്ടത്തിൽ ഉടനീളം ആറായിരം ദിർഹമാണ് നല്കിയതെന്നും വന്നിട്ടുണ്ട്. ഹദ്റത്ത് അബൂബക്ർ(റ) കുടുംബച്ചെലവിന് പൊതുഖജനാവിൽനിന്ന് വേതനം എടുത്തിരുന്നെങ്കിലും മരണ സമയത്ത് ആ തുകയെല്ലാം തിരിച്ചു നല്കി എന്നുള്ളതിൽ ജീവചരിത്രഗ്രന്ഥങ്ങളെല്ലാം ഐകകണ്ഠ്യേന അംഗീകരിച്ചതായി കാണാം. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു:മരണ സമയം അടുത്തപ്പോൾ തന്റെ സ്ഥലംവിറ്റ് ആ തുകയിൽനിന്ന് പൊതുഖജനാവിൽനിന്ന് സ്വന്തം ചെലവിന് താനെടുത്ത തുക കൊടുത്തുവീട്ടണമെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തു. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാല്യം 2, പേജ് 272, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)(ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 143, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം കാണാം. ഹദ്റത്ത് അബൂബക്ർ(റ)ന്റെ മരണസമയം അടുത്തപ്പോൾ ഹദ്റത്ത് ആഇശയോടു അദ്ദേഹം പറഞ്ഞു:"ഞാൻ ഖലീഫയായതു മുതൽ സമൂഹത്തിന്റെ ഏതെങ്കിലും ധനം തിന്നിട്ടില്ല. അൽപം മാത്രം ഭക്ഷണം കഴിക്കുകയും പരുക്കൻ വസ്ത്രം ധരിക്കുകയുമാണ് ചെയ്തിരുന്നത്. മാത്രമല്ല അടിമകൾ, ഒട്ടകങ്ങൾ, പുതപ്പുകൾ എന്നിവയാണ് മുസ്‌ലിമീങ്ങളുടെ യുദ്ധമുതലുകളായുള്ളത്. അതുകൊണ്ട് എന്റെ മരണശേഷം അവയെല്ലാം ഹദ്റത്ത് ഉമറിന് അയച്ചുകൊടുക്കുക.' ഹദ്റത്ത് ആഇശ(റ)പറയുന്നു: അദ്ദേഹം വഫാത്തായപ്പോൾ ആ വസ്തുക്കളെല്ലാം ഹദ്റത്ത് ഉമറിന് അയച്ചുകൊടുത്തു. അതുകണ്ട് അദ്ദേഹം കരയാൻ തുടങ്ങി. ഹദ്റത്ത് ഉമർ ആ വസ്തുക്കളെല്ലാം കണ്ട് കരഞ്ഞുപോയി. അദ്ദേഹത്തിന്റെ കണ്ണീർ തുള്ളികൾ തറയിൽ വീണു. അദ്ദേഹം പറഞ്ഞു: 'അല്ലാഹു അബൂബക്റിൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം തനിക്കുശേഷം ജനങ്ങളെ പ്രതിസന്ധിയിൽ തള്ളിവിട്ടിരിക്കുന്നു.' *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാല്യം 2, പേജ് 271, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഹദ്റത്ത് അബൂബക്ർ(റ) വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ ഏതാനും സ്വഹാബാക്കളോടൊപ്പം പൊതുഖജനാവ് പരിശോധിച്ചു. ഹദ്റത്ത് ഉമറിന് അതിൽ ഒരു ദിർഹമോ ദീനാറോ കാണാൻ കഴിഞ്ഞില്ല. *(താരീഖുൽഖുലഫാഅ്, അല്ലാമ സുയൂതി, പേജ് 64, ദാറുൽകുതുബുൽ അറബി ബെയ്റുത്ത് 1999)* ഒന്നുമില്ലായി

രുന്നു. എല്ലാം കാലിയായിരുന്നു. എല്ലാം വിതരണം ചെയ്തു കഴിഞ്ഞിരുന്നു.

നീതിന്യായവ്യവസ്ഥിതി ആരംഭിച്ചത് അദ്ദേഹമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിൽ നീതിന്യായവ്യവസ്ഥിതി വ്യവസ്ഥാപിതമായി നടന്നിരുന്നില്ലെങ്കിലും അദ്ദേഹം ആ വ്യവസ്ഥിതി ഹദ്റത്ത് ഉമറിനെ ഏൽപിച്ചിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) ഖലീഫയായപ്പോൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് നീതിന്യായവ്യവസ്ഥിതി താൻ കൈകാര്യം ചെയ്യാമെന്ന് ഹദ്റത്ത് ഉമർ(റ)പറഞ്ഞു. ഹദ്റത്ത് ഉമർ ഒരു വർഷത്തോളം കാത്തിരുന്നു. എന്നാൽ, ഒരു തർക്കപ്രശ്നവുമായിപോലും ആരും അദ്ദേഹത്തിന്റെ അടുക്കൽ വന്നില്ല. *(താരീഖ് അത്ത്വബരി, വാല്യം 2, പേജ് 351, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)*

ഏതെങ്കിലും കലഹമോ പ്രശ്നമോ ഉണ്ടായതുമില്ല. കേസുകളുടെ എണ്ണം നന്നേ കുറവായിരുന്നു. വല്ല കേസും വന്നാൽത്തന്നെ ഹദ്റത്ത് അബൂബക്ർ(റ) അതിന് സ്വയം സമയം കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുമായിരുന്നു. നീതിന്യായവ്യവസ്ഥിതിയുടെ തലവൻ ഹദറ്ത്ത് ഉമർ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കാനായി താഴെ പറയുന്ന സ്വഹാബാക്കളെ നിശ്ചയിച്ചിരുന്നു:

ഹദറ്ത്ത് അലി(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് ഉമയ്യ് ബിൻ കഅ്ബ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ). *(സയ്യിദുനാ സിദ്ദീഖെ അക്ബർ, അബുന്നസ്ർ, മുത്തർജിം പേജ് 699-700)*

ഹദ്റത്ത് ഉമർ(റ) പറയുന്നു:'അക്കാലത്ത് എത്രമാത്രം ശാന്തിയും സമാധാനവും വിശ്വസ്തതയും ഉണ്ടായിരുന്നുവെന്നാൽ മാസങ്ങൾ കഴിഞ്ഞാലും ഒരു തർക്ക പ്രശ്നവും എന്റെയടുത്ത് വന്നിരുന്നില്ല.'

മതവിധിഗവേഷണ വകുപ്പിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: പുതിയ പുതിയ ഗോത്രങ്ങളും ജനസമൂഹങ്ങളും ഇസ്‌ലാമിൽ പ്രവേശിച്ചതോടെ സാഹചര്യമനുസരിച്ച് കർമശാസ്ത്രസംബന്ധമായ പുതിയ പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അതുകൊണ്ട് പൊതുമുസ്‌ലിമീങ്ങളുടെ സൗകര്യത്തിനും സന്മാർഗത്തിനുംവേണ്ടി മതവിധി ഗവേഷണ വകുപ്പ് സ്ഥാപിക്കുകയും ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദറ്ത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ഉമയ്യ് ബിൻ കഅ്ബ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ) എന്നിവരെ ഫത്‌വാ നല്കാൻ നിയോഗിക്കുകയും ചെയ്തു. ഈ മഹാത്മാക്കൾ മതകാര്യങ്ങളിൽ അഗാധജ്ഞരും മതാഭിപ്രായം വെച്ചു പുലർത്തുന്നതിൽ അഗ്രഗണ്യരുമായിരുന്നു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദും(റ) ഇത്തരത്തിൽ ഫത്‌വാ(മതവിധി)നല്കാൻ നിയോഗിക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ഇവരെക്കൂടാതെ മറ്റാർക്കും മതവിധി പുറപ്പെടുവിക്കാൻ അനുവാദമില്ലായിരുന്നു. *(അശ്റമുബശ്ശ്റ , ബശീർ സാജിദ്, പേജ് 182, അൽബദ്ർ പബ്ലിക്കേഷൻസ്,ലാഹോർ 2000)(സയ്യിദുനാ സിദ്ദീഖെ അക്ബർ, അബുന്നസ്ർ, മുത്തർജിം പേജ് 700)*

ഗുമസ്തർ അഥവാ എഴുത്തുകാരുടെ വകുപ്പിനെപ്പറ്റി ഒരു ചരിത്രകാരൻ എഴുതുന്നു: ആധുനികകാലത്തെ സാങ്കേതിക പ്രയോഗമനുസരിച്ച് പകർത്തെഴുത്തുകാരനെ സെക്രട്ടറി എന്നാണ് വിളിക്കേണ്ടത്. ഹദ്റത്ത് അബൂബക്ർ(റ) സെക്രട്ടറി എഴുതിയെടുക്കുന്ന നോട്ട്സെല്ലാം(Minutes) എല്ലാ മീറ്റിംഗുകളിലും കേൾപ്പിക്കുമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സിവിൽ സംവിധാനം സ്ഥാപിതമായിരുന്നില്ല. എങ്കിലും സർക്കാർവിധികളും കരാറുകളുംമറ്റും എഴുതാൻ ചിലരെ പ്രത്യേകം നിയമിച്ചിരുന്നു. എഴുത്തു സേവനങ്ങൾക്കുവേണ്ടി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർഖം, നബി(സ)തിരുമേനിയുടെ കാലംമുതലേ നിയമിതനായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലത്തും ആ സേവനം അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു.*(അസ്സിദ്ദീഖ്, പ്രൊഫസർ അലി മുഹ്സിൻ സിദ്ദീഖി, പേജ് 194, ഖിർത്വാസ് കറാച്ചി 2002)*

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്താണ് എഴുത്തു ജോലി വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ഹദ്റത്ത് അബൂബക്ർ(റ)ന്റെ അടുത്ത് ചിലപ്പോൾ ഹദ്റത്ത് അലിയോ ഹദ്റത്ത് ഉഥ്മാനോ ഉണ്ടെങ്കിൽ അവരായിരിക്കും ആ ചുമതല കൈയാളുക. *(അബൂബക്ർ അസ്സിദ്ദീഖ്, ഡോക്ർ അലി മുഹമ്മദ് സ്വലാബി, പേജ് 162, പ്രസാധനം ദാറു ഇബ്നുകഥീർ ദിമശ്ഖ് ബെയ്റൂത്ത് 2003)*

സൈനിക വിഭാഗം: ഇതു സംബന്ധമായി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലത്ത് വ്യവസ്ഥാപിതമായ പട്ടാള സംവിധാനമുണ്ടായിരുന്നില്ല. യുദ്ധസമയത്ത് എല്ലാ മുസ്‌ലിമീങ്ങളും യോദ്ധാക്കളായിരുന്നു. സൈന്യങ്ങളെ ഗോത്രങ്ങൾക്കനുസൃതമായി വിഭജിച്ചിരുന്നു. ഓരോ ഗോത്രത്തിനും ഓരോ നേതാവുണ്ടായിരുന്നു. ആ നേതാക്കൾക്കെല്ലാം നേതാവായി ഒരു വകുപ്പുകൂടി ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബകർ(റ)ആണ് ആ വകുപ്പു ഉണ്ടാക്കിയത്. *(സയ്യിദുനാ സിദ്ദീഖെ അക്ബർ, അബുന്നസ്ർ മുത്തർജിം പേജ് 701)*

യുദ്ധസന്നാഹങ്ങൾക്കായുള്ള സംവിധാനവും ഹദ്റത്ത് അബൂബക്ർ(റ) ഒരുക്കിയിരുന്നു. വ്യത്യസ്ത മാർഗങ്ങളിലൂടെ ലഭ്യമാകുന്ന വരുമാനങ്ങളിൽനിന്ന് പ്രധാനഭാഗം സൈനിക ചെലവിലേക്ക് മാറ്റി വെച്ചിരുന്നു. അതിൽനിന്ന് ആയുധങ്ങളും ഭാരമേറ്റുന്ന മൃഗങ്ങളും വാങ്ങിയിരുന്നു. കൂടാതെ യുദ്ധക്കുതിരകളേയും ഒട്ടകങ്ങളേയും വളർത്തുന്നതിന് ചില മേച്ചിൽപ്പുറങ്ങൾ പ്രത്യേകമായി ഒരുക്കിയിരുന്നു. *(കമാൻഡർ സ്വഹാബ, അല്ലാമ മുഹമ്മദ് ശുഅയ്ബ് ചിശ്തി, പേജ് 87-88, പ്രസാധകർ മുംതാസ് അക്കാഡമി, ഉർദു ബാസാർ ലാഹോർ)*

ഒരു ചരിത്രകാരൻ എഴുതുന്നു: നബി(സ) തിരുമേനിയുടെ കാലഘട്ടത്തിനുമുമ്പേ അറേബ്യൻ ഗോത്രങ്ങളിൽ നിലനിന്നിരുന്ന ഗ്രാമീണ രീതിയിലാണ് ഹദ്റത്ത് അബൂബക്ർ(റ) തന്റെ സൈന്യത്തെ ചിട്ടപ്പെടുത്തിയിരുന്നത്. അക്കാലത്ത് ഭരണകൂടത്തിന് വ്യവസ്ഥാപിതമായ പട്ടാളമുണ്ടായിരുന്നില്ല. ഓരോ വ്യക്തിയും തന്റേതായ നിലയിൽ സൈനികസേവനത്തിന് സ്വയം അർപിക്കുകയാണ് ചെയ്തിരുന്നത്. യുദ്ധത്തിനുള്ള വിളംബരം ചെയ്യുന്നതോടെ ഗോത്രങ്ങൾ ആയുധവുമേന്തി ശത്രുവിന്റെ നേർക്ക് നീങ്ങുമായിരുന്നു. പട്ടാളക്കാർക്കുള്ള ഭക്ഷണത്തിനും ആയുധത്തിനും ഗോത്രങ്ങൾ ഭരണകൂടത്തെ ആശ്രയിക്കാതെ സ്വയം ഏർപാടു ചെയ്യുകയാണ് പതിവ്. ഭരണകൂടം അവർക്ക് ശമ്പളംപോലും നല്കിയിരുന്നില്ല. യുദ്ധാനന്തര മുതലകളിൽ തങ്ങൾക്ക് അവകാശമുണ്ടെന്നാണ് ഗോത്രങ്ങൾ മനസ്സിലാക്കുന്നത്. യുദ്ധവേളയിൽ കൈവരുന്ന മുതലുകളിൽനിന്ന് അഞ്ചിൽ നാലുഭാഗം യുദ്ധത്തിൽ പങ്കെടുത്തവർക്ക് വീതിച്ചു നല്കിയിരുന്നു. അഞ്ചാമത്തെ ഭാഗം ഖലീഫ സമക്ഷം ഭരണസിരാകേന്ദ്രത്തിലേക്ക് അയക്കുമായിരുന്നു. അത് പൊതുഖജനാവിലാണ് ശേഖരിച്ചിരുന്നത്. അഞ്ചാമത്തെ ഭാഗത്തിൽനിന്ന് ഹദ്റത്ത് അബൂബക്ർ(റ)ന്റെ നിർദേശപ്രകാരം ഭരണകൂടത്തിന്റെ സാധാരണ ചെലവുകൾ നിവർത്തിച്ചിരുന്നു. യുദ്ധത്തിലെ സൈന്യാധിപന്റെ ചെലവും മറ്റും അതിൽപ്പെടുന്നു. *(അബൂബക്ർ അസ്സ്വദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 456-457, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ യുദ്ധത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നു:യുദ്ധങ്ങളിൽ സേനാധിപതികൾക്കും കമാന്റർമാർക്കും ഹദ്റത്ത് അബൂബക്ർ(റ)യുദ്ധത്തെ കുറിച്ച് നിർദേശങ്ങൾ കൊടുക്കുന്നതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു, 'ഹദ്റത്ത് അബൂബബക്ർ യുദ്ധത്തിന് പോകുന്ന സേനാധിപതികൾക്കും കമാന്റർമാർക്കും നിർദേശങ്ങൾ നല്കിയിരുന്നു.'

ഹദ്റത്ത് ഉസാമയുടെ സൈന്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ നിങ്ങളോടു പത്തുകാര്യങ്ങൾ ഉപദേശിക്കുകയാണ്:

നിങ്ങൾ വഞ്ചന കാണിക്കരുത്. യുദ്ധാനന്തരമുതലുകൾ മോഷ്ടിക്കരുത്. നിങ്ങൾ വാഗ്ദാനം ലംഘിക്കരുത്. കുട്ടികളേയും വയോധികരേയും സ്ത്രീകളേയും വധിക്കരുത്. ഈത്തപ്പനകൾ വെട്ടി നശിപ്പിക്കുകയോ തീയിടുകയോ ചെയ്യരുത്. കായ്കനികളുള്ള മരങ്ങളും മുറിക്കരുത്. ഭക്ഷണത്തിനായിട്ടല്ലാതെ ഏതെങ്കിലും ആടിനേയോ ഒട്ടകത്തേയോ അറുക്കരുത്. ആവശ്യമെങ്കിൽമാത്രം അറുക്കുക. ആരാധനാലയ സേവനങ്ങൾക്ക് സ്വയം അർപിച്ചവരുടെ മുമ്പിലൂടെ നിങ്ങൾ കടന്നുപോകും. അവരെ അവരുടെ അവസ്ഥയിൽത്തന്നെ വിടുക. സന്യാസികളായ അവരോടു ഒന്നും പറയരുത്. നിങ്ങൾ ചെല്ലുമ്പോൾ വിവിധ പാത്രങ്ങളിൽ ഭക്ഷണം നീട്ടിത്തരുന്നവരുമുണ്ടാകും. നിങ്ങൾ ആ ആഹാരങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ കഴിക്കുക. തങ്ങളുടെ ശിരസ്സിന്റെ മധ്യഭാഗത്തുനിന്ന് മുടിവടിച്ചുകളയുകയും നാലുഭാഗത്തും തുണി ചുറ്റിയതുപോലെ മുടി വളർത്തു

കയും ചെയ്തവരെ കണ്ടാൽ അവരോടു വാളുകൊണ്ട് പൊരുതുക. എന്തെന്നാൽ അവർ മുസ്‌ലിമീങ്ങൾക്കെതിരെ പ്രകോപനമുണ്ടാക്കുകയും യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നവരാണ്. അല്ലാഹുവിന്റെ നാമത്തിൽ നിങ്ങൾ പുറപ്പെടുക. അല്ലാഹു നിങ്ങളെ എല്ലാവിധ മുറിവുകളിൽനിന്നും രോഗങ്ങളിൽനിന്നും പ്ലേഗിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.*(താരീഖ് അത്ത്വബരി, ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരീ, വാല്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റൂത്ത് 2012)*

അതുപോലെതന്നെ ഹദ്റത്ത് യസീദ് ബിൻ അബൂസുഫിയാനെ ശാമിലേക്ക് യുദ്ധത്തിന് അയച്ചപ്പോൾ പറഞ്ഞു: (മുൻഖുത്ബകളിലും ഞാനിത് കേൾപ്പിച്ചിട്ടുള്ളതാണ്. അതിലെ ചില സുപ്രധാന കാര്യങ്ങൾ ഹ്രസ്വമായി കേൾപ്പിക്കുകയാണ്. വളരെ പ്രാധാന്യമർഹിക്കുന്നതും ഓർമവെക്കേണ്ടതുമായ സംഗതികളാണിവ. ഭാരവാഹികളും ഇവ ഓർത്തിരിക്കേണ്ടതാണ്.)

ഹദ്റത്ത് അബൂബക്ർ[റ]പറഞ്ഞു: നിന്നെ പരീക്ഷിക്കാനും നീ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിയാനും നിന്നെ പുറത്തുകൊണ്ടുവന്ന് ശിക്ഷണം നല്കുന്നതിനും വേണ്ടിയാണ് ഞാൻ നിന്നെ ഗവർണരായി നിശ്ചയിക്കുന്നത്. നീ സ്വന്തം കടമകൾ ഭംഗിയായി നിർവഹിക്കുന്ന പക്ഷം നിന്നെ വീണ്ടും ഈ സേവനത്തിന് നിശ്ചയിക്കുന്നതും നിനക്ക് വീണ്ടും സ്ഥാനക്കയറ്റം നല്കുന്നതുമാണ്. നീ കൃത്യവിലോപം കാണിക്കുന്നതായാൽ നിന്നെ സ്ഥാനഭ്രഷ്ടനാക്കുന്നതായിരിക്കും. അല്ലാഹുവിനോടു സൂക്ഷ്മത പുലർത്തുക. നിന്റെ ബാഹ്യത്തെ പോലെതന്നെ, നിന്റെ ആന്തരികവും അവൻ കാണുന്നുണ്ട്. ജനങ്ങളിൽവെച്ച് അല്ലാഹുവിനോടു ഏറ്റവും അടുത്തവൻ അവനോടു സൗഹൃദത്തിന്റെ കടമ നിറവേറ്റുന്നവനാണ്. ജനങ്ങളിൽവെച്ച് അല്ലാഹുവിനോടു സമീപസ്ഥൻ സ്വകർമങ്ങളിലൂടെ ഏറ്റവുമധികം അവന്റെ സാമീപ്യം കരസ്ഥമാക്കിയവനാണ്. അജ്ഞാനപൂർണമായ മുൻവിധികളിൽനിന്ന് വിട്ടുനില്ക്കുക. അല്ലാഹുവിന് ഈ വിധ കാര്യങ്ങൾ ഒട്ടും ഇഷ്ടമല്ല. വീണ്ടും പറഞ്ഞു, നീ സ്വന്തം സൈന്യത്തോടു നല്ല രീതിയിൽ പെരുമാറുക. അവരോടു നന്മയോടെ വർത്തിക്കുക. അവരെ ഉപദേശിക്കണമെന്നുണ്ടെങ്കിൽ ചുരുങ്ങിയ നിലയിൽ ഉപദേശിക്കുക. എന്തെന്നാൽ, അധികസംഭാഷണം പല കാര്യങ്ങളും മറപ്പിക്കും. നീ സ്വന്തം ആത്മാവിനെ ശരിയാക്കി വെക്കുക. ജനങ്ങൾ നിനക്കായി ശരിയായിക്കൊള്ളും. നേതാവ് സ്വയം ശരിയാവുകയും ഭാരവാഹികൾ തങ്ങളുടെ അവസ്ഥ ശരിയാക്കുകയും ചെയ്താൽ ജനങ്ങൾ സ്വയമേവ ശരിയായിത്തീരും. നമസ്കാരങ്ങൾ കൃത്യസമയത്ത് റുക്കൂഉം സുജൂദും പൂർത്തിയാക്കിക്കൊണ്ട് നിർവഹിക്കുക. നമസ്കാരം അനുഷ്ഠിക്കുക വളരെ നിർബന്ധമാണ്.

വീണ്ടും പറഞ്ഞു: ശത്രുപക്ഷത്തുനിന്നുള്ള ദൂതൻ നിങ്ങളുടെ അടുത്ത് വന്നാൽ അദ്ദേഹത്തെ ആദരിക്കുക. വളരെ അൽപം നേരം മാത്രമെ അവരെ അവിടെ നിറുത്താവൂ. നിങ്ങളോടൊപ്പം അധികനേരം താമസിപ്പിക്കരുത്. നിങ്ങളുടെ സൈനിക താവളങ്ങളിൽനിന്ന് അവർ ഉടനെ പോകേണ്ടതാണ്. പട്ടാളത്തോടൊപ്പം അധിക നേരം അവർ കഴിയാൻ പാടില്ല. പട്ടാളത്തെ സംബന്ധിച്ച് അവർ ചിലത് അറിയാനിടയാകും. നമ്മുടെ പ്രവർത്തനങ്ങൾ അവരെ അറിയിക്കാൻ പാടില്ല. സംക്ഷിപ്തമായേ അവരോടു കാര്യങ്ങൾ പറയാവൂ. സ്വന്തം ആളുകളുമായി അദ്ദേഹം സംസാരിക്കുന്നത് തടയുക. എല്ലാവരേയും ദൂതന് കാണിച്ചുകൊടുക്കരുത്. പോകുന്നിടത്തെല്ലാം ആളുകളുമായി സമ്പർക്കം പുലർത്തുന്ന അവസ്ഥഉണ്ടാകരുത്.അദ്ദേഹത്തിന് ആരോടാണോ സംസാരിക്കുകയും കാണുകയും ചെയ്യേണ്ടത് അവരുമായി മാത്രം സംസാരിപ്പിക്കുക. അദ്ദേഹം പൊതുജനങ്ങളിൽ പ്രവേശിക്കരുത്. നിങ്ങൾതന്നെയും അദ്ദേഹവുമായി സംസാരിക്കുമ്പോൾ സ്വന്തം രഹസ്യങ്ങളൊന്നും വെളിപ്പെടുത്തരുത്. ദൂതന്മാരോടു സൂക്ഷിച്ചുവേണം സംസാരിക്കാൻ. അഭിപ്രായം ആരായുന്നതിനെ സംബന്ധിച്ച് പറഞ്ഞു: നിങ്ങളാരോടെങ്കിലും അഭിപ്രായം ആരായുമ്പോൾ കാര്യങ്ങൾ സത്യസന്ധമായി പറയുക. എന്നാൽ, ശരിയായ അഭിപ്രായം ലഭിക്കുന്നതാണ്. എല്ലാം പറഞ്ഞിട്ടുവേണം അഭിപ്രായം ആരായാൻ. ആരിൽനിന്നാണോ അഭിപ്രായം തേടുന്നത് അവരിൽനിന്ന് അഭിപ്രായം മറച്ചുവെക്കരുത്. അല്ലാത്ത പക്ഷം നിങ്ങൾ കാരണം നിങ്ങൾക്കുതന്നെ നഷ്ടം സംഭവിക്കുന്നതാണ്. ഭാരവാഹികൾക്കും നേതാക്കന്മാർക്കും കമാൻഡർമാർക്കും ദിവസം മുഴുവനും വിവരങ്ങൾ ശേഖരിക്കുന്നതെങ്ങനെ എന്നതിനെ സംബന്ധിച്ച് പറഞ്ഞു: രാത്രി നേരങ്ങളിൽ സ്വന്തം സ്നേഹിതന്മാരോടു സംസാരിക്കുക. വൈകുന്നേരം നിങ്ങൾ ഇരിക്കുക. അവരിൽനിന്ന് ആളുകളെ തിരഞ്ഞെടുക്കുക. അവരുമായി സംസാരിക്കുന്നതോടെ കാര്യങ്ങൾ അറിയാനാകും. ഇടയ്ക്കിടെ സൈനിക താവളങ്ങളിൽ മിന്നൽ പരിശോധനകളും നടത്തേണ്ടതായി വരും. താൻ കാത്തുകൊള്ളേണ്ട സ്ഥലത്തെ ചൊല്ലി അശ്രദ്ധ കാണിക്കുന്നവനെ ശിക്ഷിക്കുക. വീണ്ടും പറഞ്ഞു: ശിക്ഷനല്കുന്നതിൽ തിടുക്കം കാണിക്കരുത്. തീർത്തും അവഗണിക്കുകയുമരുത്. രണ്ടും ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ശിക്ഷിക്കുന്നതിലും തീരുമാനം കല്പിക്കുന്നതിലും ധിറുതി കൂട്ടുകയോ ഒന്നും പറയാതെ അവഗണിക്കുകയോ ചെയ്യാൻ പാടില്ല. സ്വന്തം സൈന്യത്തിന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കരുത്. അവരുടെ പിന്നാലെ ചാരന്മാരെ വിട്ട് അവരെ അപമാനിക്കരുത്. സ്വന്തം ആളുകളെ പറ്റി സദാ ചുഴിഞ്ഞന്വേഷിക്കുകയും ചാരവൃത്തിയിലേർപെടുകയും ചെയ്യരുത്. എന്തെന്നാൽ അത് അവർക്ക് അപമാനമാണ്. അവരുടെ രഹസ്യങ്ങൾ ജനങ്ങളോടു പറയരുത്. നിങ്ങളെന്തെങ്കിലും രഹസ്യം അറിഞ്ഞാൽ മറ്റുള്ളവരോടു പറയരുത്. ഒന്നിനും കൊള്ളാത്തവരോടൊപ്പം ഇരിക്കാതിരിക്കുക. സത്യസന്ധരും ആത്മാർഥരുമായ ആളുകളോടൊപ്പം കഴിയുക. ഭീരുക്കളാകരുത്; ജനങ്ങളും ഭീരുക്കളായി മാറും. ഗനീമത്തു മുതലിൽ വഞ്ചനകണിക്കുന്നതിൽനിന്ന് രക്ഷപ്പെടുക. അതു ആശ്രിതത്വത്തെ അടുപ്പിക്കുകയും വിജയത്തേയും സഹായത്തേയും തടയുകയും ചെയ്യുന്നതാണ്. *(അൽകാമിൽ ഫിത്താരീഖ്, വാല്യം 2,പേജ് 253-254, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റൂത്ത് 2012)*

ഇവിടെ ഒരുപാട് കാര്യങ്ങൾ പുതിയതായി ഞാൻ വിവരിച്ചിട്ടുണ്ട്. ഞാൻ മുമ്പേയും സൂചിപ്പിച്ചിരുന്നതാണ്, ആർമി ഓഫീസർമാർക്കുമാത്രമല്ല ഇതിലെ പല കാര്യങ്ങളും നമ്മുടെ ജമാഅത്ത് ഭാരവാഹികളും അറിഞ്ഞിരിക്കേണ്ടതാണ്. അപ്പോൾ മാത്രമേ പ്രവർത്തനങ്ങളിൽ ഐശ്വര്യമുണ്ടാകുകയുള്ളു. ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതാണെങ്കിലും ഭാരവാഹികൾ ഓർത്തിരിക്കാൻവേണ്ടിയാണ് സംക്ഷിപ്തമായി ഇവിടെ വീണ്ടും വിവരിച്ചത്.

ഇസ്‌ലാമിക ഭരണം വിവിധ പ്രവിശ്യകളിലായി വിഭജിച്ചതിനെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്ത് കാലത്ത് ഇസ്‌ലാമിക രാഷ്ട്രങ്ങളെ വിവിധ പ്രവിശ്യകളായി തിരിച്ചിരുന്നു. അവിടങ്ങളിൽ അദ്ദേഹം അമീർമാരേയും ഗവർണർമാരേയും നിശ്ചയിച്ചിരുന്നു. മദീനയായിരുന്നു അവയുടെയൊക്കെ ദാറുൽഖിലാഫ അഥവാ ഖിലാഫത്ത് കേന്ദ്രം. ഇവിടെയാണ് ഹദ്റത്ത് അബൂബക്ർ[റ] ഖലീഫ എന്ന നിലയിലുണ്ടായിരുന്നത്.*(ഖുലാസ്വ, അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബീ, പേജ് 176, 180. 181.പ്രസാധനം ദാറു ഇബ്നു കഥീർ ദിമിശ്ഖ് ബെയ്‌റൂത്ത് 2003)*

ഗവർണർമാരെ നിശ്ചയിക്കുന്ന രീതിയെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. അദ്ദേഹം നബി[സ]തിരുമേനിയുടെ ചര്യ പിൻപറ്റിക്കൊണ്ട് ഏതെങ്കിലും ജനതയ്ക്ക് ഗവർണറെ നിശ്ചയിക്കുമ്പോൾ അവരുടെ ഇടയിൽത്തന്നെ സൽകർമിയും സദ്വൃത്തനുമായ വ്യക്തികളുണ്ടെങ്കിൽ അവരിൽനിന്നുതന്നെ ഗവർണറെ തിരിഞ്ഞെടുക്കാൻ ശ്രദ്ധിച്ചിരുന്നു.

ത്വാഇഫിലും മറ്റു ചില ഗോത്രങ്ങളിലും അവരിൽനിന്നുതന്നെയാണ് ഗവർണറെ തിരഞ്ഞെടുത്തിരുന്നത്. അദ്ദേഹം ആരെയെങ്കിലും ഗവർണർ പദത്തിൽ അവരോധിക്കുമ്പോൾ ആ പ്രദേശത്ത് അദ്ദേഹത്തെ ഗവർണറായി നിശ്ചയിച്ചുകൊണ്ടുള്ള പ്രമാണപത്രം തയ്യാറാക്കുകയും മിക്കവാറും ആ പ്രദേശത്തുള്ള വഴിയും വിവരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകേണ്ടതെന്ന് പറഞ്ഞു കൊടുത്തിരുന്നു. പ്രത്യേകിച്ചും അതുവരെ ജയിച്ചടക്കാത്ത പ്രദേശങ്ങളിൽ നിയമനം നടത്തുമ്പോഴും അങ്ങനെതന്നെ ചെയ്തിരുന്നു. സിറിയ, ഇറാഖ് വിജയങ്ങളെ കുറിച്ചും പ്രക്ഷോഭകാരികളായ മതപരിത്യാഗികൾക്കെതിരെയുള്ള യുദ്ധങ്ങളെ കുറിച്ചുമുള്ള വിവരണങ്ങളിൽ ഇക്കാര്യം വളരെ സ്പഷ്ടമായി കാണാവുന്നതാണ്. ചിലപ്പോൾ അദ്ദേഹം ചില പ്രവിശ്യകളെ മറ്റുള്ളവയുമായി ലയിപ്പിക്കുമായിരുന്നു. പ്രത്യേകിച്ചും പ്രക്ഷോഭകാരികളായ മതപരിത്യാഗികൾക്കെതിരെ ഉണ്ടായ യുദ്ധങ്ങൾക്കുശേഷം ഇങ്ങനെ സംഭവിക്കുകയുണ്ടായി. ഹളർമൗത്തിലെ ഗവർണറായ ഹദ്റത്ത് സിയാദ് ബിൻ

ലബീദിന്റെ കീഴിൽ പിന്നീട് കിൻദയേയും ചേർക്കുകയും ശേഷം അദ്ദേഹം ഹളറമൗത്തിന്റേയും കിൻദയുടേയും ഗവർണറായി നിയുക്തനാകുകയും ചെയ്തു. *(അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബി പേജ് 179, പ്രസാധനം ദാറു ഇബ്നു കഥീർ ദിമിശ്ഖ് ബെയ്റുത്ത് 2003)*

ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് ഗവർണറെ തിരഞ്ഞെടുക്കുമ്പോൾ ആദ്യകാല മുസ്‌ലിമീങ്ങൾക്ക് മുൻഗണന നല്കിയിരുന്നു. അതുപോലെ നുബുവ്വത്തിന്റെ പാഠശാലയിൽനിന്നു ശിക്ഷണം നേടിയവരേയും നബിയുടെ സഹവാസം ലഭിച്ചവരേയും ഗവർണറായി നിശ്ചയിക്കുമായിരുന്നു. ആദ്യ പരിഗണന അത്തരക്കാർക്കായിരുന്നു. അതു സംബന്ധിച്ച് അദ്ദേഹത്തിന്റെ നിലപാട് ഇപ്രകാരമായിരുന്നു. നബി(സ)തിരുമേനി ആരെയെങ്കിലും എന്തെങ്കിലും ദൗത്യം ഏല്പിച്ചിട്ടുണ്ടെങ്കിൽ അതിൽ അദ്ദേഹം ഒരു തരത്തിലും ഏറ്റക്കുറച്ചിലുകൾ നടത്തുമായിരുന്നില്ല. ഉദാഹരണത്തിന് ഹദ്റത്ത് ഉസാമയെ സൈന്യാധിപനായി നബി(സ)തിരുമേനി നിയോഗിച്ചിരുന്നു. പിന്നീട് ചിലയാളുകൾ സാഹചര്യങ്ങൾ പരിഗണിച്ച് ഏതെങ്കിലും മുതിർന്ന സ്വഹാബിയെ ആ പദവിയിൽ നിയമിക്കണമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ, അദ്ദേഹം ഹദ്റത്ത് ഉസാമയെത്തന്നെ തൽസ്ഥാനത്ത് തുടരാൻ അനുവദിച്ചു. അതുപോലെ ആരാണ് നബി(സ)തിരുമേനിയിൽനിന്ന് ഏറ്റവും കൂടുതൽ ഫലമെടുത്തതെന്നും അദ്ദേഹം വിലയിരുത്തുമായിരുന്നു. അക്കാരണത്താൽ അദ്ദേഹം പലപ്പോഴും മക്ക വിജയത്തിനുമുമ്പേതന്നെ മുസ്‌ലിമായവരെ ആയിരുന്നു ഉത്തരവാദിത്വങ്ങൾ ഭരമേൽപിച്ചിരുന്നത്. അക്കാര്യത്തിൽ അദ്ദേഹം ഒരിക്കലും ഗോത്രമഹിമയോ ബന്ധുത്വമോ പരിഗണിച്ചിരുന്നില്ല. അപ്രകാരമുള്ള കർശന നിലപാടും ഉന്നതനിലവാരവും കാരണത്താൽ അദ്ദേഹം ഗവർണാറായും ഭരണകർത്താക്കളായും നിശ്ചയിച്ചവരെല്ലാം എപ്പോഴും തങ്ങളുടെ മികച്ച കഴിവുകൾ ഇസ്‌ലാമിന്റേയും മുസ്‌ലിമീങ്ങളുടേയും സേവനാർഥം വിനിയോഗിക്കുകയുണ്ടായി. *(സയ്യിദുനാ സിദ്ദീഖെ അക്ബർ, അബൂന്നസ്ർ, മുത്തർറജിം പേജ് 693)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ഗവർണർമാരെ നിശ്ചയിക്കുമ്പോൾ അതാത് തദ്ദേശവാസികളുടെ അഭിപ്രായങ്ങളും വിലമതിക്കുമായിരുന്നു. ഹദ്റത്ത് അലാഅ് ബിൻ ഹള്റമീ, നബി(സ)തിരുമേനിയുടെ കാലത്ത് ബഹ്റയ്നിലെ ഗവർണറായിരുന്നു. പിന്നീട് എന്തോ കാരണത്താൽ അദ്ദേഹത്തെ അവിടെനിന്ന് മറ്റെവിടേക്കോ പറഞ്ഞയച്ചു. പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തിൽ ബഹ്റയ്ൻ വാസികൾ അദ്ദേഹത്തോടു ഹദ്റത്ത് അലാഅ്നെ തങ്ങളുടെ അടുത്ത് തിരിച്ചയക്കണമെന്ന് അഭ്യർഥിക്കുകയും അതു മാനിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ), അലാഅ് ബിൻ ഹള്റമിയെ വീണ്ടും ബഹ്റയ്നിലെ ഗവർണറായി നിശ്ചയിക്കുകയും ചെയ്തു.

ഗവർണർമാർക്ക് അദ്ദേഹം മാർഗനിർദേശങ്ങൾ നല്കിയിരുന്നു. അതേ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു: ഗവർണറെ നിയമിക്കുമ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അവർക്ക് നേരിട്ട് നിർദേശങ്ങൾ നല്കാറുണ്ടായിരുന്നു. താരീഖ് ത്വബരിയിൽ വന്നിരിക്കുന്നു, അംറ് ബിൻ ആസിനേയും വലീദ് ബിൻ ഉഖ്ബയേയും ഉപദേശിച്ചുകൊണ്ട് പറഞ്ഞു:അകത്തും പുറത്തും ദൈവഭയം കൈക്കൊള്ളുക. അല്ലാഹുവിനെ ഭയപ്പെട്ടവർ തങ്ങളുടെ മോക്ഷത്തിനുള്ള മാർഗം സ്വീകരിച്ചിരിക്കുന്നു. അത്തരക്കാർക്ക് അപ്രതീക്ഷിത മാർഗങ്ങളിലൂടെ അവൻ രിസ്ഖ് അഥവാ ജീവിതവിഭവം നല്കുന്നു. അല്ലാഹുവിനെ സൂക്ഷിച്ചവർക്ക് അവൻ കുറ്റങ്ങൾ മാപ്പാക്കിക്കൊടുക്കുന്നു. അതായത് അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. വർധിപ്പിച്ച് പ്രതിഫലവും നല്കുന്നു. ദൈവദാസന്മാർ പരസ്പരം ഉപദേശിക്കുന്ന കാര്യങ്ങളിൽ ഏറ്റവും ഉത്തമമായത് ദൈവഭയം അവലംബിക്കുകയാണ്. നിങ്ങൾ ദൈവമാർഗത്തിൽ ചലിക്കുവാൻ പോകുകയാണ്. അതുകൊണ്ട് നിങ്ങളുടെ ദീനിന് പ്രബലതയും ഭരണത്തിന് സുരക്ഷയും നല്കാൻ കാരണമാകുന്ന കാര്യങ്ങളിൽ നിങ്ങൾ അലംഭാവം കാണിച്ചാൽ അത് മാപ്പർഹിക്കാത്ത കുറ്റമായിരിക്കും. അതുകൊണ്ട് നിങ്ങളുടെ ഭാഗത്തുനിന്ന് അലസതയോ അനാസ്ഥയോ ഒരിക്കലും ഉണ്ടാകാവതല്ല. *(താരീഖ് അത്ത്വബരി വാല്യം 2,പേജ് 332, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്തവ്രിദ് ശദ്ദാദ്(റ) വിവരിക്കുന്നു:ഞാൻ നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതു കേട്ടു. നാം നിശ്ചയിച്ച ഗവർണർ ഒരു ഭാര്യയെ കൂടെ താമസിപ്പിക്കുക. സേവകനില്ലെങ്കിൽ ഒരു സേവകനേയും വെക്കുക. താമസത്തിന് വീടില്ലെങ്കിൽ ഒരു വീടും വെക്കുക. മുസ്ത്തവ്രിദ് പറയുന്നു: ഹദറത്ത് അബൂബക്ർ(റ) പറഞ്ഞു: 'ആരാണോ ഇവ കൂടാതെ വല്ലതും നേടിയെടുക്കുന്നത് അവൻ അഴിമതിക്കാരനാണ്. അല്ലെങ്കിൽ മോഷ്ടാവാണ്.'*(സുനൻ അബീദാവൂദ് കിതാബുൽ ഖറാജ് ഹദീഥ് 2945)*

ഇനി ഗവർണർമാരെ എങ്ങനെയാണ് വിലയിരുത്തിയിരുന്നതെന്ന് നോക്കുക. ഹദ്റത്ത് അബൂബക്ർ(റ) ഗവർണർമാരുടേയും ഭരണകർത്താക്കളുടേയും ഓരോ ചലനത്തിലും ദൃഷ്ടി വെക്കുമായിരുന്നു. അവർക്ക് നബി(സ)തിരുമേനിയുടെ സഹവാസ സൗഭാഗ്യം ലഭിച്ചുകഴിഞ്ഞിരുന്നതുകൊണ്ട് ഹദ്റത്ത് ഉമറിന് വിപരീതമായി ഹദ്റത്ത് അബൂബക്ർ അവരുടെ നിസ്സാരമായ വീഴ്ചകൾ വിട്ടുവീഴ്ച ചെയ്യുമായിരുന്നു. താരീഖെ ത്വബരിയിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂബക്ർ(റ) സ്വന്തം ഗവർണർമാരേയും ആളുകളേയും തടവിലാക്കാറുണ്ടായിരുന്നില്ല. എന്നാൽ, ഗുരുതരമായ തെറ്റുചെയ്തവരെ വേണ്ടവിധം ശാസിക്കുമായിരുന്നു. അതിപ്പോൾ എത്ര ഉന്നതപദവിയിലുള്ള ആളായിരുന്നാലും ശരി. അദ്ദേഹം ഒരിക്കൽ ഹദ്റത്ത് മുഹാജിർ ബിൻ ഉമയ്യയെ കുറിച്ച് ഇപ്രകാരം അറിയാനിടയായി. അദ്ദേഹം മുസ്‌ലിമീങ്ങളെ പരിഹസിച്ച് കവിത ചൊല്ലുന്ന ഒരു സ്ത്രീയുടെ പല്ല് പറിച്ചു. ഉടൻതന്നെ ഹദ്റത്ത് മുഹാജിർ ബിൻ ഉമയ്യക്കെതിരെ നടപടിയെടുക്കാൻ അദ്ദേഹം കത്തെഴുതി. ഒരിക്കൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഏതോ വീഴ്ചയെ കുറിച്ച് അറിഞ്ഞപ്പോഴും അദ്ദേഹത്തിന്നെതിരെ നടപടിയെടുക്കാൻ ഒരു കാലതാമസവുമുണ്ടായില്ല. *(സയ്യിദുനാ സിദ്ദീഖെ അക്ബർ, അബൂന്നസ്ർ, മുത്തർറജിംപേജ് 695)*

അമീർമാരുടേയും ഗവർണർമാരുടേയും ഉത്തരവാദിത്വങ്ങളെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു: ഹദ്റത്ത് അബൂബക്ർ(റ) വിവിധ പട്ടണങ്ങളിലും പ്രദേശങ്ങളിലും നിശ്ചയിച്ചിരുന്ന ഗവർണർമാർക്കും അമീർമാർക്കും വിവിധ ചുമതലകൾ നല്കിയിരുന്നു. അമീർമാർക്കും അവരുടെ അസിസ്റ്റന്റ്മാർക്കും സാമ്പത്തിക ഉത്തരവാദിത്വ ഏല്പിച്ചിരുന്നു. അവർ താന്താങ്ങളുടെ പ്രദേശങ്ങളിലെ ധനികരിൽനിന്ന് സക്കാത്ത് ശേഖരിച്ച് ദരിദ്രരിൽ വിതരണം ചെയ്യുമായിരുന്നു. അമുസ്‌ലിമീങ്ങളിൽ നിന്ന് ജിസ്‌യ ശേഖരിച്ച് ബയ്ത്തുൽമാലിൽ(ട്രഷറി)അടക്കുമായിരുന്നു. നബി(സ)തിരുമേനിയുടെ കാലംമുതൽതന്നെ ഈ ചുമതല അവർക്കുണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനി ചെയ്ത ഉടമ്പടികളെ നവീകരിച്ചു. നബി(സ)തിരുമേനിക്കും നജ്റാൻ വാസികൾക്കും ഇടയിലുണ്ടായ ഉടമ്പടി നജ്റാൻ ഗവർണർ പുതുക്കുകയുണ്ടായി. കാരണം നജ്റാൻകാരായ ക്രിസ്ത്യാനികൾ അത് ആവശ്യപ്പെട്ടിരുന്നു. അമീർമാർ തങ്ങളുടെ ഭരണ പരിധിയിൽ ജനങ്ങൾക്ക് ശിക്ഷണവും ഇസ്‌ലാമിന്റെ പ്രചാരണ വേലയും പ്രസിദ്ധിവർധിപ്പിക്കാനുള്ള പ്രചാരണവും നടത്തുന്നതിൽ പരമാവധി ശ്രമങ്ങൾ നടത്തിയിരുന്നു. അവരിൽ മിക്കവരും മസ്ജിദുകളിൽ സഭകൾകൂടി ജനങ്ങളെ ഖുർആനും ഇസ്‌ലാമിക കല്പനകളും മര്യാദകളും പഠിപ്പിക്കുമായിരുന്നു.


ത്വാലിബെ ദുആ



**SABIR BURQA HOUSE**

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

**CIVIL LINES ROAD, OPP.FOUR STORY QADIAN**

CONTACT NO: 98884 45694 (SABIR AHMAD)


**• ഹദീഥുന്നബവി(സ) •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*


താലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 13 October 2022 Issue-41

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

നബി(സ)തിരുമേനിയുടേയും ഖലീഫത്തുർറസൂൽ ഹദ്റത്ത് അബൂബക്റിന്റേയും ദൃഷ്ടിയിൽ ഈ ഉത്തരവാദിത്വം പരമപ്രധാനമായിരുന്നു. അക്കാരണത്താൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ അമീർമാരും ഗവർണർമാരും ഈ ഉത്തരവാദിത്വം നല്ല നിലയിൽ നിർവഹിച്ചു. മികച്ച നിലയിൽ ഏറ്റെടുത്തു നടത്തി. ഏതുവരെയെന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) ഹളറമൗത്തിൽ നിശ്ചയിച്ച അമീറായ സിയാദ് ബിൻ ലബീദിനെ കുറിച്ച് ഒരു ചരിത്രകാരൻ ഇപ്രകാരം എഴുതുന്നു: പ്രഭാതം പൊട്ടിവിടരുമ്പോൾ ഒരുപാടുപേർ ഖുർആൻ പഠിപ്പിക്കാനായി അദ്ദേഹം അമീറാകുന്നതിനു മുമ്പേ ചെയ്തിരുന്നതുപോലെ തുടർന്നു. അപ്രകകാരംതന്നെ അമീർമാർ തങ്ങളുട ഭരണപ്രദേശങ്ങളിൽ ഇസ്‌ലാമിന്റെ പ്രചുരപ്രചാരണത്തിന് വലിയ പങ്കാണ് വഹിച്ചിരുന്നത്. ഇസ്‌ലാമിന്റെ ഭരണം നടപ്പിൽ വന്ന പ്രദേശങ്ങളിലും പ്രക്ഷോഭകാരികളായ മതപരിത്യാഗികളുടെ പ്രദേശങ്ങളിലും ഇത്തരം അധ്യാപനങ്ങളുടെ ഫലമായി ഇസ്‌ലാമിന് ശക്തമായ വേരോട്ടം ലഭിച്ചു. അറിവില്ലാത്ത പുതുമുസ്‌ലീങ്ങളുള്ള ഇടങ്ങളിൽ ആ അധ്യാപനങ്ങൾക്ക് വൻതോതിലുള്ള സൽഫലങ്ങൾ ഉളവാക്കാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ ശക്തികേന്ദ്രങ്ങളായ ത്വാഇഫിലും മദീനയിലും ജനങ്ങൾക്ക് വിദ്യാഭ്യാസവും ശിക്ഷണവും നല്കുന്നതിന് അധ്യാപകരെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഇതെല്ലാം ഖലീഫ അല്ലെങ്കിൽ അമീറിന്റെ കല്പനപ്രകാരമായിരുന്നു നടത്തിയിരുന്നത്. അതുപോലെ ഖലീഫ പ്രത്യേകമായ നിലയിൽ ശിക്ഷണകാര്യങ്ങൾക്ക് ഉത്തരവാദിത്വപ്പെടുത്തിയവർ അക്കാര്യം നിർവഹിച്ചിരുന്നു. പ്രാദേശിക അമീർമാർ അല്ലെങ്കിൽ ഗവർണർമാർ അതാത് പ്രവിശ്യകളിലെ ഭരണപരമായ കാര്യങ്ങൾക്ക് നേരിട്ട് ഉത്തരവാദികളായിരുന്നു. അവർ എവിടെയെങ്കിലും യാത്ര പുറപ്പെടുമ്പോൾ തൽസ്ഥാനത്ത് ആരെയെങ്കിലും നിയമിക്കുകയും ഭരണച്ചുമതല അവർക്ക് ഏല്പിക്കുകയും ചെയ്യുമായിരുന്നു. അതിനുദാഹരണമിതാണ്. ഹദ്റത്ത് മുഹാജിർ ബിൻ അബൂ ഉമയ്യയെ നബി(സ) തിരുമേനി കിൻദയിലെ ഗവർണർ ആക്കിയിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദറത്ത് അബൂബക്ർ(റ)ഉം ആ സ്ഥനത്ത് അദ്ദേഹത്തിന് ഭരണത്തുടർച്ച നല്കി. മുഹാജറിന് രോഗം കാരണത്താൽ യമനിൽ പോകാൻ സാധിച്ചിരുന്നില്ല. അദ്ദേഹത്തിന് മദീനയിൽത്തന്നെ തങ്ങേണ്ടിവന്നു. അദ്ദേഹം തൽസ്ഥാനത്ത് സിയാദ് ബിൻ ലബീദിനെ അയക്കുകയുണ്ടായി. അദ്ദേഹം സുഖംപ്രാപിച്ച് യമനിൽ തിരിച്ചെത്തുന്നതുവരെ ആ ചുമതല സിയാദിനായിരുന്നു. ഹദറത്ത് അബൂബക്ർ(റ)ഉം അതിന് അനുമതി നല്കി. അതുപോലെ ഇറാഖിൽ ഗവർണരായിരിക്കുന്ന സമയത്ത് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഹീറയിൽ തിരിച്ചുപോകുംവരെ ഒരു പ്രതിനിധിയെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഈ വിവരണം ഇനിയും തുടരുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

പേജ് 1 ൽ നിന്ന്

ഉത്തമമായ ഭക്ഷണം ത്വയ്യിബിൽനിന്നയഞ്ഞുള്ള ഹലാലാണ്. അതിനുശേഷമുള്ള മറ്റു വസ്തുക്കൾ അതു വിരോധിക്കപ്പെട്ടതാണ്. അവ ഭക്ഷിക്കുന്നത് ശരിയല്ല; ഉദാഹരണത്തിന് ഡോക്ടർ കോളറ പടർന്നുപിടിച്ചിട്ടുള്ള ദിനങ്ങളിൽ കക്കരിക്കായ് തിന്നുന്നത് വിരോധിക്കുകയാണെങ്കിൽ! കക്കരിക്കായ് സാധാരണ ദിനങ്ങളിൽ ഹലാലും പരിശുദ്ധവുമാണ്. എന്നാൽ, ആ ദിനങ്ങളിൽ ഹലാലായിരിക്കും പക്ഷേ, ത്വയ്യിബ് അഥവാ പരിശുദ്ധമായിരിക്കുകയില്ല. ഹറാമിന് ശേഷമുള്ള വസ്തുക്കൾ അതായത് വിരോധിക്കപ്പെട്ടിട്ടുളളത് അവയെ സംബന്ധിച്ചും, അവ തിന്നുന്നത് ശരിയല്ലെന്ന് നാം പറയുന്നതായിരിക്കും. അതായത് അവ തിന്നുന്നതുകൊണ്ട് മനുഷ്യന് നഷ്ടമുണ്ടാകുന്നതാണ്.

അല്ലാഹു വിവിധ മൃഗങ്ങൾ വിവിധ ജോലിക്കായാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ഓർക്കേണ്ടതാണ്. ചിലത് ഭംഗിക്കുവേണ്ടിയാണ്. അതായത് നോക്കുമ്പോൾ ഭംഗിയറിയണം. ചിലത് ശബ്ദത്തിനുവേണ്ടിയുള്ളതാണ്. അതായത് അതിന്റെ ശബ്ദം വളരെ നല്ലതായിരിക്കും. ചിലത് തിന്നുന്നതിനു വേണ്ടിയാണ്. അതിന്റെ മാംസം നല്ലതായിരിക്കും. ചിലത് മരുന്നിനുവേണ്ടിയുള്ളതായിരിക്കും. അതായത് അതിന്റെ മാംസത്തിൽ ഏതെങ്കിലും രോഗത്തെ സുഖപ്പെടുത്താനുള്ള കഴിവുണ്ടായിരിക്കും. മൃഗവും ഹലാലും നോക്കിമാത്രം അത് തിന്നാൻ പാടില്ലാത്തതാണ്. ഒരു മൃഗത്തിന്റെ മാംസം ആരോഗ്യത്തിന് ഹാനികരമായിരിക്കും. എന്നാൽ, അത് ഉദാഹരണത്തിന് ചില ധാന്യങ്ങളിലും അല്ലെങ്കിൽ മനുഷ്യരിലും കീടബാധയുണ്ടാക്കുന്ന കീടങ്ങളെ തിന്നുകയാണെങ്കിൽ മാംസത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഇറച്ചി ഹലാലും തയ്യിബുമായിരിക്കുമെങ്കിലും മനുഷ്യകുലത്തിന്റെ പൊതുവായ ഗുണം നോക്കുമ്പോൾ അതിന്റെ മാംസം ത്വയ്യിബായിരിക്കുകയില്ല, കാരണം അവയെ തിന്നുന്ന കാരണത്താൽ മനുഷ്യൻ മറ്റുചില ഗുണങ്ങളിൽനിന്ന് പിന്തളളപ്പെട്ടുപോകും.

എന്നെ കുട്ടിക്കാലത്തുതന്നെ ഈ പാഠം പഠിപ്പിക്കപ്പെട്ടിരുന്നു. ഞാൻ കുട്ടിക്കാലത്ത് ഒരുതത്തയെ വേട്ടയാടികൊണ്ടുവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതു കണ്ടിട്ട് പറഞ്ഞു:മഹ്മൂദേ! അതിന്റെ മാംസം നിഷിദ്ധമൊന്നുമല്ല. എന്നാൽ, അല്ലാഹു എല്ലാ ജന്തുക്കളേയും തിന്നുന്നതിന് വേണ്ടിയല്ല സൃഷ്ടിച്ചിട്ടുളളത്. ചില മനോഹരമായ ജന്തുക്കൾ ഭംഗിക്കുവേണ്ടിയുള്ളതാണ്. അവയെ കണ്ടിട്ട് കണ്ണുകൾക്ക് സന്തോഷമുണ്ടാകണം. ചില ജന്തുക്കൾക്ക് മനോഹരമായ ശബ്ദം നല്കിയിരിക്കുന്നു. അവയുടെ ശബ്ദം കേട്ട് കർണം ആനന്ദം കരസ്ഥമാക്കണം. അല്ലാഹു മനുഷ്യന്റെ എല്ലാ ഇന്ദ്രിയങ്ങൾക്കുവേണ്ടിയും നിഅ്മത്തുകളുണ്ടാക്കി. അതെല്ലാം തട്ടിപ്പറിച്ചെടുത്ത് നാവിനു മാത്രം കൊടുക്കാതിരിക്കേണ്ടതാണ്. നോക്കുക, ഈ തത്ത എത്രമാത്രം ഭംഗിയുള്ള ജന്തുവാണ്. മരങ്ങളിൽ ഇരിക്കുമ്പോൾ കാണുന്നവർക്ക് എത്ര നല്ലതായി തോന്നുന്നു.

ചുരുക്കത്തിൽ പരിശുദ്ധമായ വസ്തുവിന് ആരോഗ്യത്തിന്റെ അടിസ്ഥാനത്തിൽ നല്ലതായിരിക്കണമെന്ന നിബന്ധനയുള്ളതുപോലെ അതു തിന്നുന്നതിന് ഇങ്ങനേയും നിബന്ധനയുണ്ട്, അതായത് ആ വസ്തു തിന്നുന്നതുകൊണ്ട് മനുഷ്യന്റെ മറ്റു ഇന്ദ്രിയങ്ങളുടേയും അല്ലെങ്കിൽ മറ്റു മനുഷ്യരുടേയും അല്ലെങ്കിൽ മറ്റുസൃഷ്ടികളുടേയും അവകാശം ധ്വംസിക്കാൻപെടാൻ പാടില്ല. പ്രത്യുത മറ്റുള്ളവരുടെ വികാരങ്ങളെ മുന്നിൽവെക്കേണ്ടതും അനിവാര്യമാണ്. നബി(സ)തിരുമേനി പറയുന്നു: ***മസ്തഖ്ബഥത്ഹുൽ അറബു ഫഹുവ ഹറാമുൻ*** *(റൂഹുൽമആനീ, വാള്യം 2, ആയത്ത് തഹ്രീം, സൂറ അൻആം)* അതായത് ഏതൊന്നിനെ അറബികൾ നിഷിദ്ധമെന്ന് മനസ്സിലാക്കുന്നുവോ അത് നിഷിദ്ധമാണ്. ഇവിടെ ഹറാമിന്റെ അർഥം അല്ലാഹുവിന്റെ പക്കൽ അത് തിന്നുന്നവൻ പാപിയാകുമെന്നല്ല. പ്രത്യുത ഉദ്ദേശ്യം ഇത്രമാത്രമാണ്, അറബികളുടെ മുമ്പിൽ അത് തിന്നാതിരിക്കേണ്ടതാണ്. കാരണം ഇപ്രകാരം പരസ്പരമുള്ള ബന്ധങ്ങളിൽ വിള്ളലുകളുണ്ടാകുന്നു. ഇക്കാലത്ത് ഇന്ത്യയിൽ പശു ഇറച്ചിയും അങ്ങനെത്തന്നെയാണ്. മുസ്‌ലിമീങ്ങൾ ജാഗ്രതപാലിക്കേണ്ടതാണ്. അതായത് ഹിന്ദുക്കളുടെ മുമ്പിൽ പശു ഇറച്ചി തിന്നാതിരിക്കേണ്ടതാണ്. അതിനെ കുറിച്ച് അവരുടെ മുമ്പിൽ പറയാതിരിക്കേണ്ടതുമാണ്. കാരണം അതുകൊണ്ട് അവർക്ക് വിഷമമമുണ്ടാകുന്നു.

പേജ് 8 ൽ നിന്ന്

സുരക്ഷിതത്വം നല്കുന്നവരും പ്രകടിപ്പിക്കുന്നവരുമാണെന്ന് കാണിക്കുന്നു; അഹ്മദിയ്യാ ജമാഅത്തൊഴികെ! നമ്മുടെമേൽ മർദ്ദനവും നടക്കുന്നുണ്ട്. എങ്കിലും നാമതിനെ സഹിക്കുന്നു. മർദ്ദനത്തിന്റെ പ്രതികാരം ക്ഷമയോടും പ്രാർഥനയോടുംകൂടി നല്കുന്നു. പൊറുമയോടും വിശാലമനസ്കത കാണിച്ചുകൊണ്ടും നല്കുന്നു. നബി(സ)തിരുമേനിയുടെ ദീർഘ ദർശനംപോലെ സാഹചര്യങ്ങൾ മോശമാവുകയും അതനുസരിച്ചുതന്നെ വരേണ്ടവർ വരികയും ചെയ്തു. യഥാർഥ ഇസ്‌ലാം എന്താണെന്ന് അദ്ദേഹം ലോകത്തോടു പറഞ്ഞു. അദ്ദേഹത്തെ അംഗീകരിക്കുന്നതുവരെ ഇവർ വഴികേടിൽത്തന്നെ തുടരും. ഇതേ കാര്യമാണ് ഞാനെന്റെ ഇന്റർവ്യൂവിലും പ്രഭാഷണങ്ങളിലും എല്ലായിടത്തും പറയുന്നത്. അമേരിക്കയിലും അയർലന്റിലും യൂ.കെയിലും ഇതേകാര്യമാണ് ഞാൻ പറഞ്ഞത്. ഇതുതന്നെയാണ് എന്റെ സന്ദേശവും. വഴികേടിലായി കൊണ്ടിരിക്കുന്ന മുസ്‌ലിമീങ്ങൾ അല്ലാഹുവിൽനിന്നു വന്ന വ്യക്തിയെ അംഗീകരിക്കുന്നതുവരെ നന്നാവുക സാധ്യമല്ല.

(തുടരും)

**നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് *ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്* (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ –**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin